Vol. 19. No. 1.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

January, 1921.

# വിഷയ വിവരണിക


പേജ്.

1. മംഗളം. 1

ശ്രീമാൻ തെങ്ങുംമൂട്ടിൽ വറുഗീസു മാപ്പിള.

2. നി. വ. ദിവ്യശ്രീ കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഇടയലേഖനം. 2

3. കേരളത്തിലെ യാക്കോബായസഭ. 4

റവ. ഫാദർ ബെർണ്ണാർഡ് സി. ഡി.

4. വിശുദ്ധ യൌസേപ്പു പിതാവ്. 8

റവ. ഫാദർ ജോസഫ് ഏരണക്കാട്ട്.

5. കർത്താവിന്റെ പ്രാർത്ഥന. 10

റവ. ഫാദർ എപ്രേം സി. ഡി.

6. കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. 11

സ്വന്തം കൊച്ചച്ചൻ.

7. ഭാഗ്യമായിരിപ്പാനുള്ള വിദ്യ. 13

ശ്രീമാൻ കെ. പി. പീററർ.

8. ഡോക്ടർ നിഷിമ്മാറാ അവർകളുടെ മാനസാന്തരം. 14

9. നവവത്സര പ്രാർത്ഥന. (പദ്യം) നമ്മുടെ യുവകവികൾ 16

10. കർമ്മലനായികാസ്തവം. (പദ്യം) 18

ശ്രീമാൻ വി. ജെ. ജോസഫ്.

11. ചോദ്യപ്പെട്ടി. 19

12. തിരുഹൃദയ പൊതുനിയോഗം. 20

13. പുസ്തകാഭിപ്രായം. 21

14. കുറിപ്പുകളും വർത്തമാനങ്ങളും. ,,

15. മനോഗുണവിവരങ്ങൾ, ചരമവാർത്തകൾ. 23

16. പഞ്ചാംഗം. പരസ്യങ്ങൾ. 24


---

## കുസുമത്തിനു അത്യാവശ്യപ്പെട്ട ഒരു സഹായം.

അഞ്ചൽക്കാരാരുകൊണ്ടു മാസിക കിട്ടുന്നില്ലെന്നുള്ള ആവലാതികൾക്കു കണക്കില്ല. സ്വന്തമേൽവിലാസത്തിൽ പല മാസികകൾ വാങ്ങി പഴയ വരിക്കാർക്കു കൃത്യമായിട്ടു കൊടുപ്പാൻ മനസ്സുള്ളവരുണ്ടാകുമോ? നല്ല ഇനാം കൊടുക്കുന്നതാണ്. പതിനഞ്ചു പേർക്കു കൊടുത്താൽ ഒരു മാസിക സൌജന്യം. വരിക്കാർക്കുള്ള മററു സമ്മാനവിവരങ്ങൾ ഒക്ടോബർ ലക്കം നോക്കുക. മാനേജർ.

## നസ്രാണിദീപികാപഞ്ചാംഗം.


മഹോന്നത ദിവ്യശ്രീ ഡലഗാദപ്പോസ്തോലിക്കാ തിരുമനസ്സിലെ കമനീയമായ പടത്തോടുകൂടിയതു്. കുറെപ്രതികൾ മാത്രമേ ഇരിപ്പുള്ളു. ഉടനെ അപേക്ഷിക്കുക. വില രണ്ടുചക്രം മാത്രം. മാനേജർ, 'നസ്രാണിദീപിക' മാന്നാനം.

# കർമ്മല കുസുമം.

പുസ്തകം ൧൯. ൧൯൨൧ ജനുവരി. ലക്കം ൧.




## മംഗളം.

നവസമസ്ക്കൂടിവച്ചിടുമി“സ്സുമം”
ധവളകീർത്തി തിരണ്ടു വിളങ്ങുവാൻ
ഭുവനപാലകിമേറി! നമിച്ചിടു-
ന്നിവനിതാ വനിതാകുലദീപികേ!

തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള.

# നി. വ. ദിവ്യശ്രീ കുര്യാളശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഒരു ഇടയലേഖനം.

വന്ദ്യസഹോദരരേ, സ്നേഹിക്കപ്പെട്ട മക്കളേ!

"മനുഷ്യപുത്രൻ നശിച്ചുപോയതിനെ അന്വേഷിക്കുന്നതിനും രക്ഷിക്കുന്നതിനുമായി വന്നു" (ലൂക്കാ ൧൯. ൧൦.).

ലോകനാളാഗമത്തിൽ രേഖപ്പെടുത്തിട്ടുള്ള മഹാ സംഭവങ്ങളിൽ ശ്രേഷ്ഠതമമായ നമ്മുടെ കർത്താവീശോമ്ശിഹായുടെ പിറവിയും, ഇതിനോടു അടുത്തുതന്നെ നവവത്സരാരംഭവും സമീപിച്ചിരിക്കുന്ന ഈ ശുഭാവസരത്തിൽ നാം ആദ്യമായി നിങ്ങൾക്കെല്ലാവർക്കും ഭാഗ്യമേറിയ പിറവിത്തിരുനാളും ശുഭസമ്പൂർണ്ണമായ നവവത്സരവും ആശംസിച്ചുകൊള്ളുന്നു. അനന്തരം, ലോകരക്ഷിതാവായ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെയും പിറവിയുടെയും ഓർമ്മ കൊണ്ടാടപ്പെടുന്ന ഈ സന്ദർഭത്തിൽ അവിടുത്തെ മനുഷ്യാവതാര രഹസ്യത്തിന്റെ പരമോദ്ദേശ്യത്തെയും ഇതിനെ സംബന്ധിച്ചുള്ള നമ്മുടെ കടമകളെയും നിങ്ങളെ ഓർപ്പിക്കുന്നതു യുക്തമെന്നു നാം വിചാരിക്കുന്നു.

സർവ്വ ഭാഗ്യവാനായി, സർവ്വ സൽഗുണ സമ്പൂർണ്ണനായി സ്വർഗ്ഗത്തിൽ സ്ഥിതി ചെയ്യുന്ന പുത്രനായ ദൈവം, തന്നെത്തന്നെ അത്യന്തം താഴ്ത്തി നീച അടിമയുടെ വേഷം ധരിച്ച് ഒരു എളിയ കന്യകയുടെ ഉദരത്തിൽ മനുഷ്യനായി അവതരിക്കുന്നതിനുള്ള കാരണമെന്തെന്ന്, ഈ അവസരത്തിൽ നിങ്ങൾ നല്ലപോലെ ആലോചിപ്പിൻ. നാം സത്യമായി നിങ്ങളോടു പറയുന്നു: പുത്രനായ ദൈവം മനുഷ്യനായിപ്പിറന്നതിനു പല ഉദ്ദേശ്യങ്ങൾ ഉണ്ടെങ്കിലും, ഇവയിൽ ഏററവും പ്രധാനമായതു മനുഷ്യജാതിയുടെ വീണ്ടെടുപ്പും രക്ഷയുമാകുന്നു. "മനുഷ്യപുത്രൻ നശിച്ചുപോയതിനെ അന്വേഷിക്കുന്നതിനും രക്ഷിക്കുന്നതിനുമായിവന്നു"

മാത്രമല്ല, പരിശുദ്ധ തമത്രിത്വത്തിന്റെ മഹത്വമേറിയ മൂന്നു ദൈവാളുകളുടെ ബാഹ്യമായും നിത്യമായുമുള്ള സർവ്വ പ്രവൃത്തികളുടെയും പരമോദ്ദേശ്യം, മനുഷ്യജാതിയുടെ ഭാഗ്യവും, രക്ഷയും, നവീകരണവുമാകുന്നു. ഈ ഉദ്ദേശ്യസിദ്ധിക്കായി പിതാവായ ദൈവം ലോകത്തേയും, അതിലുള്ള സർവ്വ വസ്തുക്കളെയും സൃഷ്ടിപ്പാൻ നിത്യമായി നിശ്ചയിക്കയും, കാലത്തിൽ ഇതിനെ പൂർത്തിയാക്കുകയും ചെയ്തു. മനുഷ്യജാതിയെ സൃഷ്ടിച്ചശേഷം, നാലായിരത്തിൽപ്പരം സംവത്സരം അദ്ദേഹം ഒരു വാത്സല്യപിതാവിനെപ്പോലെ, അവരെ താൻതന്നെയും, തന്റെ പ്രതിപുരുഷന്മാരായ ദീർഘദർശികൾ മൂലമായും സന്ദർശിക്കയും പഠിപ്പിക്കയും ചെയ്തു. കാലങ്ങളുടെ പൂർണ്ണത വന്നപ്പോൾ മനുഷ്യജാതിയുടെ പരിത്രാണനത്തിനായി തന്റെ ഏകജാതനെത്തന്നെ ലോകത്തിലേക്കയച്ചു. ഈ നാലായിരം സംവത്സരങ്ങളേ ഇരുപത്തഞ്ചു നോമ്പിന്റെ നാലാഴ്ചവട്ടങ്ങൾ ജ്ഞാപകപ്പെടുത്തുന്നു.

ലോകരക്ഷയ്ക്കായി നിയോഗിക്കപ്പെട്ട നമ്മുടെ കർത്താവീശോമിശിഹാ ലോകത്തിൽ വന്നു മുപ്പത്തിമൂന്നു സംവത്സരത്തോളം വലിയ കഷ്ടതകൾ സഹിച്ചശേഷം, അവസാനത്തിൽ തന്റെ അമൂല്യ ജീവനെ കുരിശിൽ ബലിയായി സമർപ്പിച്ചുകൊണ്ട് മനുഷ്യ രക്ഷയ്ക്കുവേണ്ടിയുള്ള, തന്റെ നിത്യപിതാവിന്റെ വേലയെ എങ്ങനെ ഉത്സാഹപൂർവ്വം തുടർന്ന്, മനുഷ്യജാതിയുടെ വീണ്ടെടുപ്പു നിവർത്തിച്ചു എന്നു നാം നല്ലവണ്ണം അറിയുന്നു. അനന്തരം അദ്ദേഹത്തിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം മനുഷ്യരക്ഷയുടെ വേലയെ വിസ്മരിക്കാതെ ഇതിനെ ലോകാവസാനത്തോളം വിശ്വസ്തതയോടുകൂടി നടത്തുവാൻവേണ്ടി ലോകത്തിന്റെ നനാഭാഗങ്ങളിലേക്കും തന്റെ ശിഷ്യന്മാരെ നിയോഗിച്ചയച്ചു എന്നും, അവരുടെ ഈ വേലയിൽ അവരെ സഹായിപ്പാനും ആശ്വസിപ്പിപ്പാനുമായി ആശ്വാസപ്രദനായ തന്റെ പരിശുദ്ധാത്മാവിനെ അയച്ചു എന്നും ഉള്ളതു പ്രസിദ്ധമാണല്ലോ.

പരിശുദ്ധാത്മാവായ റൂഹാദക്കുദശായോ എന്നാൽ ശ്ലീഹന്മാരോടും, അവരുടെ വിശ്വസ്തന്മാരായ അനന്തരഗാമികളോടുംകൂടെ വസിച്ച്, അവരെക്കൊണ്ട്, ആത്മാക്കളുടെ രക്ഷയ്ക്കും ദൈവരാജ്യത്തിന്റെ വർദ്ധനവിനും വേണ്ടി എത്ര അശ്രാന്ത പരിശ്രമങ്ങൾ ചെയ്യിക്കുന്നു എന്നു നാമറിയുന്നു. ഇന്നും ശ്ലീഹന്മാരുടെ അനുപി നിറന്ന എത്രയോ സ്ത്രീപുരുഷന്മാർ "ഞങ്ങൾ സർവ്വത്തും ഉപേക്ഷിച്ചു നിന്റെ പുറകേ വന്നിരിക്കുന്നു" എന്ന, പ്രഥമ പുരോഹിതനായ വിശുദ്ധ പത്രോസിന്റെ വചനപ്രകാരം, നമ്മുടെ കർത്താവിന്റെ മാതൃകയനുസരിച്ചു സ്വ രാജ്യത്തെയും, സ്വ ജനങ്ങളെയും, ധനമാനസുഖങ്ങളെയും പരിത്യജിച്ച് ആത്മാക്കളുടെ രക്ഷയ്ക്കായി വേലചെയ്തുവരുന്നു. ഇവയെല്ലാം അവരിൽ വസിക്കുന്ന റൂഹാദക്കുദശാ ചെയ്യിക്കുന്ന വേലകളല്ലയോ?

വന്ദ്യ സഹോദരരേ, സ്നേഹിക്കപ്പെട്ട മക്കളേ, ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി വേല ചെയ്യുന്നതും, വേലചെയ്യുന്നവരെ സഹായിക്കുന്നതും, എത്ര മഹനീയവും എത്ര ദൈവികവുമാകുന്നു എന്നു നിങ്ങൾ നല്ലവണ്ണം ആലോചിപ്പിൻ. ഇതു പരിശുദ്ധതമത്രിത്വത്തിന്റെ മൂന്നാളുകളുടെയും ദൈവിക വേലയല്ലയൊ? ഇതിനാൽ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി വേലചെയ്യുന്നത് ശ്രേഷ്ഠതമമായ ദൈവികവേലയാകുന്നു എന്നു വി. ദിയോനിസിയോസ് പറയുന്നത് എത്ര യുക്തിപൂർവ്വവും ന്യായാനുസരണവും ആകുന്നു. ദൈവരാജ്യത്തിനുവേണ്ടി വേലചെയ്യുന്നത് ദൈവത്തോടുകൂടി വേലചെയ്യുന്നതുപോലെയും ദൈവത്തെ സഹായിക്കുന്നതുപോലെയും ആകുന്നു. ഇതിനാൽ വി. പൌലോസ് നാം ദൈവത്തോടുകൂടെ വേലചെയ്യുന്നു എന്നു സ്പഷ്ടമായിപ്പറയുന്നു. (൧ കുറന്തോസ, ൩. ൯.) വിശിഷ്യ, തൊഴുത്തിൽ ദരിദ്രനായും, നിന്ദിതനായും, ദുഃഖങ്ങളുടെ മനുഷ്യനായും കിടക്കുന്ന ഈശോ, തന്നോടുകൂടി ദാരിദ്ര്യത്തിലും, നിന്ദയിലും, കഷ്ടതയിലും ആത്മരക്ഷയ്ക്കുവേണ്ടി വേലചെയ്യാൻ നമ്മെ ക്ഷണിക്കുന്നു. നിത്യരക്ഷയ്ക്കു സമ്പത്തും ബഹുമാനവും, ശരീരസുഖങ്ങളും തടസ്സമായിരിക്കയും, പ്രത്യുത ദാരിദ്ര്യവും, നിന്ദയും, ആശാനിഗ്രഹവും വലിയ സഹായമായിരിക്കയും ചെയ്യുന്നു. മൂന്നു രാജാക്കന്മാർ സമർപ്പിച്ച പൊന്നു, മൊരുൾ, കുന്തിരുക്കമെന്ന മൂന്നു ദാനങ്ങളെപ്പോലെ, ലോകരക്ഷയ്ക്കു ആവശ്യപ്പെട്ട ഈ മൂന്നു പുണ്യങ്ങളെയും ഉണ്ണീശോയ്ക്കു നാം സമർപ്പിക്കണം. അതായത്:— ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി നമ്മിൽ ഓരോരുത്തരുടെയും സ്ഥിതിക്കനുസരണമായി ശരീരംകൊണ്ടും, ധനംകൊണ്ടും, ഉദ്യോഗനിലകൊണ്ടും പരിശ്രമിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞയെ നാം ഈശോയ്ക്കു സമർപ്പിക്കണം. "കൊയിത്തധികം, വേലക്കാർ ചുരുക്കം" എന്നു നമ്മുടെ കർത്താവ് ആത്മരക്ഷയുടെ വേലയെ സംബന്ധിച്ചു പറഞ്ഞപ്രകാരം ഇന്നും ആത്മരക്ഷയ്ക്കുവേണ്ടി വേലചെയ്യുന്നവരും, ഈ വിശുദ്ധവേലയ്ക്കു സഹായിക്കുന്നവരും വളരെ ചുരുക്കമാകുന്നു. ഈ കഴിഞ്ഞയാണ്ടത്തെ നിങ്ങളുടെ അല്പ ദാനത്തോടുകൂടി മിസ്സത്തിൽനിന്നു വലിയ ഒരു സംഖ്യകൂടി ചെലവാക്കിക്കൊണ്ടു രണ്ടായിരത്തോളം അജ്ഞാനികളെ മാനസാന്തരപ്പെടുത്തിയിട്ടുണ്ടെങ്കിലും, സത്യത്തെ അനുഗമിക്കുന്നതിനു സന്നദ്ധരായിരിക്കുന്ന എല്ലാവരെയും സ്വീകരിക്കുന്നതിനും, പഠിപ്പിച്ച് സത്യവേദത്തിൽ ചേർക്കുന്നതിനും പണച്ചുരുക്കം നിമിത്തം നമുക്കു നിവൃത്തിയില്ലാതെ വന്നിട്ടുണ്ടെന്നു വ്യസനപൂർവ്വം നാം നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ഈയാണ്ടിൽ നിങ്ങൾ കുറേക്കൂടി അധികം സഹായം ചെയ്യേണ്ടതു അത്യാവശ്യമാണ്. എന്തെന്നാൽ ഇപ്പോഴത്തെ അനുകൂലസാഹചര്യങ്ങൾ ദീർഘകാലത്തേക്കു നിലനില്ക്കയില്ലെന്ന് അനേക ചുററുപാടുകൾ നമ്മെ വിശദമായി അറിയിക്കുന്നു.

വിശുദ്ധ പത്രോസിന്റെയും തോമ്മാശ്ലീഹായുടെയും തിരുനാൾ ദിവസങ്ങൾ (വിശുദ്ധ പത്രോസിന്റെ കാശും മാർ തോമ്മാശ്ലീഹായുടെ കാശും ശേഖരിക്കുന്ന ദിവസങ്ങൾ) നന്നാ അടുത്തുവരുന്നതുകൊണ്ടു, ധർമ്മപ്പിരിവു സംബന്ധിച്ചു ചില പിശകുവരുന്നതിനാൽ, മാർ തോമ്മാശ്ലീഹായുടെ തിരുനാൾ ദിവസത്തിലെ പിരിവു മേലാൽ ഡിസംബർ ൨൧-ാംനു-മുത

ൽ ജനുവരി ൨൭-ാംനു- വരെയുള്ള ഞായറാഴ്ചകളിലും പെരുന്നാളുകളിലും നടത്തണമെന്നും ബ. വികാരിമാരും പട്ടക്കാരും തങ്ങളുടെ അനുകരണീയമായ പ്രവൃത്തിയും ഉപദേശവും മൂലം ഈ വിഷയത്തിൽ ജനങ്ങളേ പ്രോത്സാഹിപ്പിക്കണമെന്നും നാം താല്പൎയ്യമായി ഉപദേശിക്കുന്നു കൂടാതെയും പിരിയുന്ന സംഖ്യ ഫെബ്രുവരി ൨-ാം തീയതിക്കകം നമ്മുടെ പക്കൽ അയച്ചുതരികയും വേണം. പല തൊള്ളി പെരുവെള്ളം എന്ന ആപ്തവാക്യമനുസരിച്ചു ഓരോരുത്തൻ ഓരോ ചക്രം വീതവും, നിവൃത്തിയില്ലാത്തവർ അരച്ചക്രം വീതമെങ്കിലും ഈ ഏററവും വലിയ കാൎയ്യത്തിനായി ധൎമ്മസഹായം ചെയ്യുമെങ്കിൽ പിരിഞ്ഞുകിട്ടുന്ന തുക എത്ര വലുതായിരിക്കും? ഇതുകൊണ്ടു എത്ര വലിയ കാൎയ്യം സുലഭമായി സാധിക്കുമെന്നു ബുദ്ധിപൂർവം ആലോചിക്കണമെന്നു നിങ്ങളെ ഓൎമ്മിപ്പിച്ചുകൊണ്ടു, ലോകരക്ഷാൎത്ഥം പിറന്നിരിക്കുന്ന ഉണ്ണിമ്ശിഹായിൽ നിങ്ങൾ ഏവരേയും സസന്തോഷം ആശീർവദിക്കയും, വീണ്ടും പിറവിത്തിരുനാളിന്റെയും നവവത്സരത്തിന്റെയും മംഗളം ആശംസിക്കയും ചെയ്തുകൊള്ളുന്നു.

## കേരളത്തിലെ യാക്കോബായസഭ.

സുറിയാനിക്കാരിൽ പുത്തൻകൂറ് എന്നും പഴയകൂറ് എന്നും രണ്ടു വിഭാഗമുണ്ടായതു് ൧൬൫൩-ലാണ്. അന്നുവരെ ഏകജനമായിട്ടാണ് ഇവർ നിന്നിരുന്നതു്. ൧൫൯൯-ൽ ഗോവമെത്രാപ്പോലീത്തായായ മെനെസ്സസ്സ് എന്ന ദേഹം വിളിച്ചുകൂട്ടിയ ഉദയമ്പേരൂർ സൂനഹദോസ് മുഖാന്തരം സുറിയാനിക്കാരിൽനിന്നു സുറിയാനി മെത്രാന്മാരുടെ ഭരണം നിന്നുപോകയും പൌലീസ്താക്കാർ (ജെസ്വീത്തർ) ആയ ലത്തീൻ മെത്രാന്മാരുടെ കീഴിൽ അവർ പെട്ടുപോകയും ഉണ്ടായി. അന്നുമുതൽ അവരുടെ ഇടയിൽ വലിയ കലക്കങ്ങൾ ഉണ്ടാകയും സുറിയാനി മെത്രാന്മാരെ കിട്ടുന്നതിനായി പല ഹർജികൾ റോമ്മായിലേക്കും പോൎത്തുഗാളിലേക്കും അവർ അയക്കയും ചെയ്തു. ഇങ്ങനെ അമ്പതു വൎഷംവരെ അപേക്ഷകൾ അയച്ചുകൊണ്ടിരുന്നിട്ടും ഫലമൊന്നും ഉണ്ടാകാഞ്ഞതിനാൽ ഉദ്ദേശം ൧൬൫൦-ൽ ആദ്യം കൽദായപാത്രിയക്കീസിന്റെ പക്കലേക്കും പിന്നീടു യാക്കോബായ പാത്രിയക്കീസിന്റെ പക്കലേക്കും ഗോപ്പത്തുകാരുടെ പാത്രിയക്കായുടെപക്കലേക്കും ഒരു മെത്രാനെ അയച്ചുകൊടുക്കുന്നതിനു അവർ അപേക്ഷകൾ അയച്ചു. ആ അപേക്ഷയനുസരിച്ചു ൧൬൫൨-ൽ അഹദാലഹാ എന്ന ഒരു മെത്രാൻ അയക്കപ്പെട്ടു. ഇദ്ദേഹം കൽദായക്കാരൻ ആയിരുന്നു. ഇദ്ദേഹം മൈലാപ്പൂരിൽ എത്തിയപ്പോൾ പോൎത്തുഗീസുകാർ അദ്ദേഹത്തെ തടഞ്ഞു കൊച്ചി വഴിക്കു ഗോവയിലേക്കു കൊണ്ടുപോയി. അദ്ദേഹം കൊച്ചിയിൽ വന്ന സംഗതി തോമ്മാ അൎക്കദിയാക്കോൻ അറിഞ്ഞാറെ അനേകം പടയാളികളോടും പട്ടക്കാരോടും കൂടി കൊച്ചിക്കോട്ടയിലെ പോൎത്തുഗീസു അധികാരിയുടെ അടുക്കൽ ചെന്നു് മെത്രാനെ വിട്ടുകൊടുക്കുന്നതിനു അപേക്ഷിച്ചു. എങ്കിലും മെത്രാൻ ഗോവയിലേക്കു കൊണ്ടുപോകപ്പെടുകയാണുണ്ടായതു്. അതിനിടക്കു മെത്രാനെ കൊച്ചീക്കടലിൽ കെട്ടിത്താഴ്ത്തിയതായി ഒരു കേൾവിയും സുറിയാനിക്കാരുടെ ഇടയിൽ പരന്നു. ഉടനെ പട്ടക്കാരും ജനങ്ങളും അന്നു സുറിയാനിപ്പള്ളി ആയിരുന്ന മട്ടാഞ്ചേരിപ്പള്ളിയിൽ കൂടി അവിടത്തെ കൂനൻകുരിശേൽ കയറുകെട്ടി എല്ലാവരും അതിൽപിടിച്ചു മേലിൽ ഒരുകാലത്തും ജെസ്വീത്ത മെത്രാനെ അനുസരിക്കുന്നതല്ലെന്നു സത്യംചെയ്കയും ഉടനെതന്നെ പന്ത്രണ്ടു പട്ടക്കാർകൂടി ആലങ്ങാട്ടുപള്ളിയിൽവച്ചു് തോമ്മാ അൎക്കദിയാക്കോനെ മെത്രാന്റെ അംശങ്ങൾ ധരിപ്പിച്ചു മെ

ത്രാനെന്നു പേർ വിളിക്കയുംചെയ്തു. ഇങ്ങനെ എല്ലാവരും തോമ്മാ അൎക്കദിയാക്കോനു വഴക്കംചെയ്തെങ്കിലും പലൎക്കം ഈ കാൎയ്യത്തിൽ സംശയം തോന്നുകയാൽ അക്കാലത്തു കൊച്ചിയിൽ ഉണ്ടായിരുന്ന കൎമ്മലീത്താക്കാർ വഴിയായി റോമ്മായിൽ കാൎയ്യങ്ങൾ ബോധിപ്പിക്കയും അതിൻപ്രകാരം കൎമ്മലീത്താക്കാർ റോമ്മായിൽനിന്നു വരികയും, ഒടുവിൽ കൊറവലങ്ങാട്ടു ഇടവക പാലമററം കുടുംബത്തിൽപെട്ട കുടക്കശ്ശേരി അല്ലെങ്കിൽ പള്ളിവീട്ടിൽ ചാണ്ടി മെത്രാനെ ൧൬൬൩ ൽ മെത്രാനായി വാഴിക്കയും തൻമൂലം ശീസ്മയിൽനിന്നവരിൽ വലിയ ഭാഗം അതുകൾ അതുപേക്ഷിച്ച് കത്തോലിക്കസഭയിൽ സ്ഥിരമായി നിൽക്കയും ചെയ്തു. ഇതിനിടക്കുതോമ്മാ അൎക്കദിയാക്കോന്റെ ഭാഗത്തുനിന്നവരെ ൧൬൬൫-ൽവന്ന മാർ ഗ്രിഗോറിയോസ് എന്ന ഒരു യാക്കോബായ മെത്രാൻ ആ വിശ്വാസം പഠിപ്പിച്ചു. ഇങ്ങനെയാണു പുത്തൻകൂറും പഴയകൂറുമായിത്തിരിഞ്ഞതും യാക്കോബായ മതം കേരളത്തിൽ പ്രവേശിച്ചതും.

11.

യാക്കോബായ വിശ്വാസം അനുസരിച്ചു തോമ്മാ അൎക്കദിയാക്കോന്റെ ഭാഗത്തു ചേൎന്നുനിന്നവൎക്കു പുത്തൻകൂറു സുറിയാനിക്കാർ എന്ന പേരുണ്ടായി യാക്കോബായ വിശ്വാസം മലയാളത്തിൽ പുത്തനായി കൊണ്ടുവരപ്പെട്ടതുകൊണ്ടാണ് അതു അനുസരിച്ചവൎക്കു പുത്തൻകൂറുസുറിയാനിക്കാർ എന്ന പേരുണ്ടായതു്. ൧൬൬൫-ൽ അന്ത്യോഖ്യായിൽനിന്നു വന്ന മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാനുശേഷം ൧൭൫൧-ൽ മാർ ബസ്സേലിയോസും മാർ യോഹന്നാനും എന്ന രണ്ടു യാക്കോബായമെത്രാന്മാർ മലയാളത്തിൽ വന്നു. മാർ ബസ്സേലിയോസു വന്ന ആണ്ടിൽത്തന്നെ മരിച്ചു. മാർ യോഹന്നാൻ സ്വരൂപങ്ങൾ പള്ളിയിൽ വയ്ക്കുന്നതിനെ വിരോധിച്ചു. അന്നു പുത്തൻകൂറു പള്ളികളിൽ സ്വരൂപങ്ങൾ ഉണ്ടായിരുന്നു. തൻമൂലം മാർ യോഹന്നാനു അന്നത്തെ പുത്തൻകൂറുമെത്രാൻ മാൎത്തോമ്മായോടും ജനങ്ങളോടും വലിയ നീരസം ഉണ്ടായി. ഇതുകൂടാതെ പട്ടക്കാരെ വിവാഹം കഴിപ്പിക്കാനും ഈ മാർ യോഹന്നാൻ ശ്രമിച്ചു. അതും പുത്തൻകാൎക്കു അദ്ദേഹത്തോടു വിരോധം ഉണ്ടാകാൻ കാരണമായിത്തീൎന്നു. ഇതിനുശേഷം ൧൭൫൧-ൽ മാർ ബസ്സേല്യോസ് മാർ ഗ്രിഗോറിയോസ്, മാർ യോഹന്നാൻ എന്നിങ്ങനെ മൂന്നു യാക്കോബായ മെത്രാന്മാർ മലയാളത്തിൽ വന്നു. ഇവരിൽ മാർ ബസ്സേലിയോസ് ൧൭൫൧-ൽ മരിച്ചു. ശേഷിച്ചവർ ൧൭൭൨-ലും ൧൭൯൪-ലുമായി കാലംചെയ്തു. ൧൬൫൩-ൽ ശീസ്മയുണ്ടായകാലം മുതൽ ൧൭൬൫ വരെ തോമ്മാഎന്ന പേരിൽ അഞ്ചു നാട്ടുമെത്രാന്മാർ പുത്തൻകൂറുകാരെ ഭരിച്ചിട്ടുണ്ട്. ഇവർ അന്ത്യോഖ്യായിൽ നിന്നു വന്ന യാക്കോബായമെത്രാന്മാരോടു മെത്രാൻപട്ടം ഏററു എന്നു പറയുന്നുണ്ടെങ്കിലും അതു അത്ര വിശ്വാസയോഗ്യമായിക്കാണപ്പെടുന്നില്ല. എന്നാൽ ൧൭൬൫ മുതൽ ൧൮൦൮ വരെ ഭരിച്ച ആറാമത്തെ മാൎത്തോമ്മാ വാസ്തവത്തിൽ നിരണത്തുവച്ച് മാർഗ്രിഗോറിയോസിനോടു ൧൭൭൦-ൽ മെത്രാൻപട്ടം ഏററു. ഇദ്ദേഹം ആസ്ഥപ്പാടു മുതൽ മെത്രാൻപട്ടംവരെ സകല പട്ടങ്ങളും മാർഗ്രിഗോറിയോസിനോടു ഏററതിനാൽ അതിനുമുമ്പ അദ്ദേഹം ഏററിരുന്ന പട്ടങ്ങൾ സംശയമായിരുന്നു എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു എന്നു തെളിവാണല്ലോ. ഇദ്ദേഹം മെത്രാൻപട്ടം ഏററപ്പോൾ ദിവന്നാസ്യോസ് എന്നു പേരും എടുത്തു.

പുത്തൻകൂററുകാർ യാക്കോബായ വിശ്വാസം മേൽപറഞ്ഞ യാക്കോബായ മെത്രാന്മാരിൽ നിന്നു പഠിച്ചെങ്കിലും അവരുടെ പള്ളിക്രമങ്ങൾ സകലവും പഴയ രീതിയിൽ കൽദായഭാഷയിലും റീത്തിലും തന്നെ നടത്തിപ്പോന്നു. അതിൽ യാതൊരു വ്യത്യാസവും അക്കാലങ്ങളിൽ അവർ വരുത്തുന്നതിനു സമ്മതിച്ചില്ല. എന്നുമാത്രമല്ല പഴയ കൂററുകാരോടു ചേൎന്നു നടക്കുന്നതിനും പഴയ കൂറുവിശ്വാസം അനുസരിക്കുന്നതിനും അവർ പലപ്പോഴും ശ്രമിച്ചിട്ടുമുണ്ട്. പ്രധാനമായി മൂന്നു അവസരങ്ങളിൽ അതിനായി അവർശ്രമിച്ചു. ഒന്നാമത്തേതു ൧൮൦൦ ലാണ്. പ്രസ്തുത ആണ്ടിൽ അവരിൽ പല പട്ടക്കാർ ചേൎന്നു കൽദായ പാത്രിയൎക്കീസി

നു എഴുതുകയും അദ്ദേഹം അവരുടെ അപേക്ഷയനുസരിച്ചു മാർ ശെമഓൻ എന്ന മെത്രാനെ ൧൭൦൦ ൽ മലയാളത്തേക്കു അയക്കുകയുംചെയ്തു. ഈ മാർ ശെമഓൻ മലയാളത്തിൽ വന്നപ്പോൾ അദ്ദേഹത്തോടു ആലങ്ങാട്ടു പള്ളിയിൽവച്ച് വരാപ്പുഴ അഞ്ചെലൊ ഫ്രംസിസ്ക്കൊ എന്ന കർമ്മലീത്താമെത്രാൻ മെത്രാസ്ഥാനം ഏൽക്കുകയും അതു കഴിഞ്ഞയുടനെ അദ്ദേഹത്തെ മലയാളത്തിൽ താമസിപ്പിക്കാതെ പാണ്ടിച്ചേരിക്കു വരാപ്പുഴെ നിന്നും മിഷ്യനറിമാർ അയച്ചുകളകയും ചെയ്തു. ഈ മാർ ശെമഓൻ പുത്തൻകൂറുകാരെ തിരിക്കുന്നതിനു വേണ്ട അധികാരത്തോടു കൂടെവന്നയാളായിരുന്നു. കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തായായ റിബെയിരോ എന്നദേഹം ഈ സാക്ഷ്യങ്ങൾകണ്ടു പരിശോധിക്കയും അവയിൽ അദ്ദേഹത്തിന്റെ ഒപ്പുവെയ്ക്കയുംചെയ്തിട്ടുള്ളതും അതു ഇന്നുപുത്തൻചിറെപ്പള്ളിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതും പല പഴയ സുറിയാനി എഴുത്തുകളിൽ അതിന്റെ പകർപ്പുണ്ടായിരിക്കുന്നതും ആണ്. ഇതിനുശേഷം ൧൭൦൯ ൽ അന്നു പുത്തൻകൂറ്റുകാരെ ഭരിച്ചിരുന്ന നാലാമത്തെ മാർത്തോമ്മാ മെത്രാനും തന്റെ കക്ഷികളും ചേർന്നു റോമ്മായിലേക്കു ഒരെഴുത്തയച്ചു. അതിൽ പൌലീസ്താക്കാരുടെ (ജസ്വീത്തരുടെ) ഞെരുക്കം മുഖാന്തരം അവർ റോമ്മാപ്പള്ളിയുടെ അധികാരത്തിൽനിന്നു പിരിഞ്ഞുപോയതാണെന്നും വീണ്ടും അതിൽ ചേരാൻ തങ്ങൾ ആഗ്രഹിക്കുന്നെന്നും മാർത്തോമ്മായെ മെത്രാനായി സ്വീകരിക്കണമെന്നുംമറ്റും കാണിച്ചിരുന്നു. അനന്തരം ൧൭൯൯-ൽ ആറാമത്തെ മാർത്തോമ്മാ അഥവാ മാർ ദീവന്നാസ്യോസും തന്റെ ജനം മുഴുവനും പഴയ കൂറ്റുകാരോടു കൂടെ ചേരുന്നതിനും കത്തോലിക്കാ സഭയോടു ഐക്യപ്പെടുന്നതിനും ആഗ്രഹിക്കയും അതിനായി വരാപ്പുഴ വികാരി അപ്പസ്തോലിക്ക മാർ ഫ്ലോരെൻസ്യോസിനോടും മാർ ഫ്രാൻസീസ് സലേസിനോടും കൊടുങ്ങല്ലൂർ മെത്രാപ്പോലിത്താ സൽദാഞ്ഞോരിനോടും അപേക്ഷിക്കയും ഒടുവിൽ കരിയാറ്റിൽ യൌസേപ്പു മല്പാൻ വഴിക്കു റോമ്മായിൽ ബോധിപ്പിക്കയുംചെയ്തു. കരിയാറ്റിൽ യൌസേപ്പു മല്പാൻ റോമ്മായിൽ ചെന്ന് മാർ ദിവന്നാസ്യോസിന്റെ അപേക്ഷകൾ ബോധിപ്പിച്ചു. അതിനു എതിരായി ഇവിടെ നിന്നു മിഷ്യനറിമാരും ബോധിപ്പിച്ചു. ഇവർ ബോധിപ്പിച്ചതു മാർ ദിവന്നാസ്യോസിന്റെ മനസ്സു തിരിവു നേരുള്ളതല്ലെന്നും അദ്ദേഹം (ദിവന്നാസ്യോസ്) വാസ്തവമായി മെത്രാൻപട്ടം ഏററിട്ടില്ലെന്നും മററും ആയിരുന്നു. റോമ്മായിൽനിന്നും ടി. സംഗതിയുടെ വിചാരണയ്ക്കായി ഗോവമെത്രാപ്പോലീത്തായെ നിയമിക്കയും അദ്ദേഹം തന്റെ പേർക്കു വിചാരണ കഴിക്കാനായി അന്നു കൊച്ചീരൂപതയുടെ അഡ്മിനിസ്ത്രേദോരും പിന്നീടു കൊച്ചി മെത്രാനുമായിരുന്ന ജോസഫ് സൊലെദാദ് എന്ന ദേഹത്തെ അധികാരപ്പെടുത്തുകയും ചെയ്തു. ഇദ്ദേഹം ഒരു പോരട്ടുഗീസ് കർമ്മലീത്തനായിരുന്നു. ഈ ജോസഫ് സൊലെദാദ് † അയച്ച റിപ്പോർട്ടു അത്ര ഗുണകരമായിരുന്നില്ലെങ്കിലും ൧൭൯൯ൽ കരിയാററിൽ യൌസേപ്പു മല്പാൻ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിനു ദിവന്നാസ്യോസിനെ കത്തോലിക്കസഭയിൽ കൈക്കൊള്ളാൻവേണ്ടിയിരിക്കുന്ന സകല അധികാരങ്ങളും കൊടുത്തു. എന്നാൽ കരിയാററിൽമെത്രാപ്പോലീത്താ ഗോവയിൽ വെച്ചുമരിച്ചുപോകയാൽ ദിവന്നാസ്യോസിനും കൂട്ടക്കാർക്കും കത്തോലിക്കാ സഭയിൽ ചേരാനുള്ള സഹായങ്ങൾ നശിച്ചുപോകയും തന്മൂലം അവർ വലിയ നിരാശയിൽ വീണുപോകയും ചെയ്തു. ഇങ്ങനെയിരിക്കെ മേൽ പറഞ്ഞ കൊച്ചി മെത്രാന്റെ വാക്കു വിശ്വസിച്ച് മാത്തുത്തരകൻ പല ഉടമ്പടികൾ പുത്തൻകൂറുകാരെക്കൊണ്ടു ചെയ്യിക്കയും അതിൻപ്രകാരം ദിവന്നാസ്യോസും കൂട്ടരും കുറെക്കാലത്തേക്കു പഴയ

† മെക്കൻസിയുടെ തിരുവിതാംകൂറിലെ ക്രിസ്തുമതം (Christianity P. 23. 84) എന്ന ഗ്രന്ഥത്തിൽ ഈ ജൊസെഫ് സൊദലെദാദ് തിരുവിതാംകൂറിൽ അസാഖ്യം ലഹളകൾ ഉണ്ടാകാൻ കാരണമായി തീൎന്നു എന്നു പറയപ്പെട്ടിരിക്കുന്നു.

ക്രുറുകാരായി നടക്കയും ചെയ്തു. ഇതു ൧൮൦൦–നു നാലുകൊല്ലം മുമ്പാണ്. അന്നു പുത്തൻക്രുറുകാർ പഴയക്രുറുകാരുടെ റീത്തുതന്നെയാണ് അനുസരിച്ചിരുന്നതു്. എന്നാൽ ഒടുവിൽ പ്രസ്തുത കൊച്ചീമെത്രാൻ ദിവന്നാസ്യോസിനെ മെത്രാനായി എടുക്കയില്ലെന്നു തീർച്ചപ്പെടുത്തിയതിനാൽ അവർ വലിയ ഒരു സംഖ്യ സർക്കാരിൽ പിഴയൊടുക്കുകയും വീണ്ടും പുത്തൻക്രുറുകാരായിത്തീരുകയും ചെയ്തു. ഈ വിവരങ്ങൾ എല്ലാം ൧൮൦൫–ലും ൧൮൦൬–ലും ഡോക്ടർ കെറും ഡോക്ടർ ബുക്കാനാനും എന്ന രണ്ടു പ്രോട്ടസ്റ്റണ്ടു പാതിരിമാർ മൂലം മദ്രാസ് ഗവർമ്മെണ്ടു അറികയും പ്രോട്ടസ്റ്റണ്ടുകാർ പുത്തൻക്രുറുകാൎക്കു വളരെ സഹായങ്ങൾ ചെയ്കയും അവരെ സഹായിക്കാനായി ചർച്ചമിഷ്യനറിമാരെ വരുത്തുകയും ചെയ്തു. ഇവർ പുത്തൻക്രുറുകാരോടു സഖ്യം പിടിക്കയും ഉദ്ദേശം ൨൫ വൎഷക്കാലംവരെ അവരുടെ പള്ളികളിൽ പ്രസംഗിച്ചുനടക്കയുംചെയ്തു. ഒടുവിൽ ൧൮൪൦–ൽ രണ്ടു കൂട്ടരും തമ്മിൽ മതസംബന്ധമായി ഭിന്നിക്കയും കോട്ടയം പഴയ സെമ്മിനാരി പുത്തൻക്രുറുകാൎക്കു കൊടുക്കയും സി. എം. എസ്സ്. കോളെജ് ചർച്ചമിഷ്യനറിമാർ പണിയിക്കയും ചെയ്തു. മേല്പറഞ്ഞ ദിവന്നാസ്യോസിൻെറ കാലംവരെ പുത്തൻക്രുറുകാർ ശീസ്മക്കാരായിട്ടല്ലാതെ യാക്കോബായക്കാരായി ഗണിക്കപ്പെട്ടിരുന്നില്ല.

## III.

പുത്തൻക്രുറുകാർ യാക്കോബായ വിശ്വാസം സ്വീകരിച്ചെങ്കിലും ൧൬൫൩–ൽ അവർ പഴയക്രുറുകാരിൽ നിന്നു വേർതിരിഞ്ഞ കാലം മുതൽ ൧൮൪൦ വരെ പഴയ കൽദായറീത്തുതന്നെയാണ് അവർ ഉപയോഗിച്ചതു്. ൧൮൪൬–ൽ അന്ത്യോക്യായിൽനിന്നുവന്ന മാർ ക്രുറില്ലോസിൻെറ കാലം മുതൽക്കാണ് അന്ത്യോഖ്യാ (മാറൊനായ) സുറിയാനിയും അതിൻെറ റീത്തിനടുത്ത ക്രമങ്ങളും അവർ ഉപയോഗിച്ചു തുടങ്ങിയതു്. മാന്നാനത്തു കൊവേന്ത സ്ഥാപിച്ച ആരംഭകാലത്തു ഹുദറാ മുതലായ പഴയ നമസ്കാരങ്ങൾ പല സ്ഥലങ്ങളിൽ അന്വേഷിച്ചാറെ കിട്ടാഞ്ഞിട്ടു കോട്ടയത്തു എരിത്തിക്കൽ അച്ചനോടാണ് വാങ്ങിച്ചതു്.

മേൽപറഞ്ഞ മാർ ദിവന്ന്യാസ്യോസിൻെറ കാലശേഷം ൧൮൧൫ വരെ ഏഴും എട്ടും ഒമ്പതും തോമ്മാമാരായി മൂന്നു മെത്രാന്മാർ വാണു. അവരുടെ ശേഷം രണ്ടും മൂന്നും നാലും ദിവന്ന്യാസ്യോസമാരായി ൧൮൪൫ വരെ മൂന്നു മെത്രാന്മാർ വാണു. അതിനു ശേഷം കീർത്തിപെട്ട മാത്തൻ മെത്രാൻ (മാത്യൂസ് അത്തനാസ്യൂസ് മെത്രാപ്പോലീത്താ) വാണു. അദ്ദേഹത്തിൻെറ കാലത്താണ് മെത്രാൻകക്ഷി എന്നു പറയപ്പെടുന്ന നവീകരണക്കാർഉണ്ടായതു്. അതിനുമുമ്പു പ്രോട്ടസ്റ്റണ്ടുമിഷ്യനരിമാരും പുത്തൻക്രുറുകാരും വേർതിരിഞ്ഞപ്പോൾ ഒരു ഭാഗം പുത്തൻക്രുറുകാർ പ്രോട്ടസ്റ്റണ്ടുമതം സ്വീകരിച്ചു. മാത്തൻ മെത്രാൻെറ കാലം മുതൽ കുറെ മുമ്പു കാലം ചെയ്ത ദിവന്ന്യാസ്യോസും അദ്ദേഹത്തിൻെറ ഇപ്പഴത്തെ പിൻഗാമികളും യാക്കോബായക്കാരെയും, മാത്തൻമെത്രാൻെറ പിൻഗാമികൾ ഇപ്പഴത്തെ നവീകരണക്കാരെയും അഥവാ മാർ തോമ്മാക്കാരേയും ഭരിച്ചുവരുന്നു.

മാത്തൻ മെത്രാൻെറ ഭരണകാലത്തു– ൧൮൭൫ ൽ– പത്രോസു പാത്രിയർക്കീസു മലയാളത്തിൽ വരികയും, പള്ളികളൊക്കയും മാത്തൻ മെത്രാനോടു ചേൎന്നു നിന്നുകൊള്ളണമെന്നുണ്ടായിരുന്ന തിരുവെഴുത്തു വിളംബരം അസ്ഥിരപ്പെടുത്തുകയുമുണ്ടായി. അതോടു കൂടെ അതേവരെ പ്രാബല്യത്തിൽ ഇരുന്നിരുന്ന മാത്തൻ മെത്രാൻെറ കക്ഷിയുടെ ശക്തി ക്ഷയിക്കയും പുലിക്കോട്ടു മാർ ദിവന്നാസ്യോസിൻെറ കക്ഷി പ്രബലപ്പെട്ടു വരികയും ചെയ്തു. ദിവന്നാസ്യോസിൻെറ കക്ഷിക്കു ബാവാക്കക്ഷിയെന്നും, മാത്തൻമെത്രാൻെറ കൂട്ടൎക്കു മെത്രാൻ കക്ഷിയെന്നും പേരുണ്ടായി. ൧൯൧൧ൽ വന്ന അബ്ദുള്ള പാത്രിയർക്കീസിൻെറ ആഗമനാനന്തരം ബാവാക്കക്ഷിയിൽത്തന്നെ രണ്ടു അവാന്തര വിഭാഗങ്ങൾ ഉണ്ടായിട്ടുണ്ട്. പാത്രിയർക്കീസിൻെറ ലൌകികാധികാരത്തേ അംഗീകരിക്കുന്ന മാർ ക്രുറില്ലോസിൻെറയും അനുഗാമികളുടെയും കക്ഷിയ്ക്കു പഴയ ബാവാക്കക്ഷിയെ

ന്നും, പാത്രിയർക്കീസിന്റെ ലൌകികാധികാരത്തെ നിഷേധിക്കുന്ന വട്ടശ്ശേരിൽ മാർ ദിവന്ന്യാസോസിന്റെയും അനുചരന്മാരുടെയും കക്ഷിക്കു പുതിയ മെത്രാൻ കക്ഷിയെന്നും പേരുണ്ടായി.

ഇത്രയും പ്രസ്താവിച്ചതിൽ നിന്നു കേരളത്തിലെ യാക്കോബായ സഭയുടെ ശോചനീയാവസ്ഥ ഏറെക്കുറെ വിശദമാകുന്നുണ്ടല്ലൊ. കത്തോലിക്കാസഭയിൽനിന്നു പിരിഞ്ഞുപോയതിൽ പിന്നെ, അതിൽ നാൾക്കുനാൾ ഭിന്നിതങ്ങൾ വർദ്ധിച്ചു വരുന്നതല്ലാതെ അഭിവൃദ്ധിക്കു നിദാനമായ ഐക്യത അതിൽ കാണ്മാനില്ലാതായിരിക്കുന്നു. ആദ്യം ഒരു കൂട്ടർ പ്രോട്ടസ്റ്റന്റു മതാനുസാരികളായിപ്പിരിഞ്ഞുപോയി. അനന്തരം വേറൊരു കൂട്ടർ മെത്രാൻ കക്ഷിയെന്ന പേരോടുകൂടി നവീകരണക്കാർ അഥവാ മാർ തോമ്മാക്കാരായിട്ടു വേർതിരിഞ്ഞു. ശേഷിച്ച ഇരുന്നൂറോളംപള്ളികളും, നാന്നൂറിൽപ്പരം പട്ടക്കാരും, രണ്ടുലക്ഷം ജനങ്ങളും അന്യോന്യം ബദ്ധവൈരികളായ രണ്ടു കൂട്ടമായി ഇതാ ഇപ്പോൾ തിരിഞ്ഞിരിക്കുന്നു. സത്യമാതാവായ കത്തോലിക്കാപ്പള്ളിയുടെ മടിയിലല്ലാതെ നിത്യസമാധാനം കണ്ടെത്തുന്നതല്ലെന്നു നമ്മുടെ ഈ സഹോദരന്മാർ ഇനിയെങ്കിലും മനസ്സിലാക്കിയെങ്കിൽ നന്നായിരുന്നു!

ഫാദർ ബെർണ്ണാർഡ് സി. ഡി.

# വിശുദ്ധ യൌസേപ്പപിതാവു്.

(തുടർച്ച)

## മാർ യൌസേപ്പിന്റെ ദൈവാനുഗ്രഹ ബാഹുല്യം.

ദൈവശുശ്രൂഷകൾക്കും ഓരോ പദവികൾ ഉണ്ടെന്നും അവയിൽ അപ്പസ്തോലികവൃത്തി എല്ലാംകൊണ്ടും പ്രധാനമായിട്ടുള്ളതാണെന്നും വേദപാരംഗതനായ സ്വാരേസ് യുക്തിപൂർവ്വം സ്ഥാപിച്ചതിന്റെശേഷം ഇങ്ങനെ പ്രസ്താവിക്കുന്നു. "ദൈവ- മാനുഷ ബന്ധത്തോടു (Unio Hypostatica) സംഘടിതമായ ചില ശുശ്രൂഷകളും (Ministeria) ഉണ്ടു്. പരിശുദ്ധ കന്യകയുടെ മാതൃത്വംകൊണ്ടു് വിശദപ്പെടുന്നതുപോലെ അവ എത്രയും പൂർണ്ണതമമായിട്ടുള്ളതാകുന്നു. മാർ യൌസേപ്പിന്റെ ദൈവശുശ്രൂഷകൾ ഈ എണത്തിൽ ഉൾപ്പെട്ടതാണു്." ഇതിനാൽത്തന്നെ മാർ യൌസേപ്പിന്റെ പ്രവൎത്തനങ്ങൾ അപ്പസ്തോലന്മാരുടെതിനേക്കാൾ ശ്രേഷ്ഠതരമാണെന്നു വ്യക്തമാകുന്നുണ്ടല്ലൊ. ദൈവ- മാനുഷബന്ധത്തിൽ മൂന്നാമത്തെ സ്ഥാനം വഹിക്കുന്ന മാർ യൌസേപ്പു, അപ്പസ്തോലികാദ്ധ്യക്ഷപദവിയിൽ പ്രഥമസ്ഥാനിയായ വിശുദ്ധ പത്രോസിനേക്കാൾ മഹത്വീകൃതനാണെന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാകുന്നു. മനുഷ്യരെ ക്രിസ്തുവിന്റെ പക്കലേക്കു ആനയിക്കുകയാണു് അപ്പസ്തോലികജോലി; എന്നാൽ ആ ക്രിസ്തുവിനെത്തന്നെ പരിരക്ഷിക്കുക എന്നുള്ളതത്രെ മാർ യൌസേപ്പിന്നു നിർദ്ദേശിക്കപ്പെട്ടിരുന്ന ജോലി.

ഏതദ്വിഷയകമായി, ജിവാനിദെ കത്താജനാ എന്ന ദേഹം ഇങ്ങനെ പ്രസ്താവിക്കുന്നു. "പരിശുദ്ധ കന്യകയുടെ ഭർത്താവു് എന്ന നിലയിലും മ്ശിഹായുടെ വളൎത്തുപിതാവു് എന്ന നിലയിലും മാർ യൌസേപ്പു മ്ശിഹായോടു ഗാഢമായി അനുബന്ധിച്ചിരിക്കുന്നു. എത്രയും ഉന്നതമായ ആ ദൈവജനനിയുടെ സ്ഥാനത്തോടു ഇത്ര സമീപിക്കുന്നതായി വേറെ യാതൊരു സ്ഥാനവും ഇല്ല. മാത്രമല്ല, "മാർ യൌസേപ്പിനു സിദ്ധിച്ചിട്ടുള്ള ഈ അനുഗ്രഹങ്ങൾ- ആത്മീയ വിശേഷതകൾ- വേറെ യാതൊരു പുണ്യവാനും നൽകപ്പെട്ടിട്ടില്ലാത്ത വിധം അത്ര വലുതും ഉന്നതവും ദൃഢവും സ്വകീയവും ആകുന്നു."

എന്നു പതിന്നാലാമത്തെ ബെനഡിക്തോസു മാർപ്പാപ്പാ പറയുന്നു.

എന്നാൽ ചിലർ വിശുദ്ധ മത്തായിയുടെ സുവിശേഷം ൧൧-ാം അദ്ധ്യായം ൧൧-ാം വാക്യത്തിൽ "സ്ത്രീകളിൽനിന്നും ജനിച്ചവരിൽ സ്നാപകയോഹന്നാനേക്കാൾ വലിയവൻ ആരും ഉണ്ടായിട്ടില്ല" എന്നു പറയുന്നതിനെ അടിസ്ഥാനപ്പെടുത്തി ചില സന്ദേഹങ്ങൾ പുറപ്പെടുവിക്കാറുണ്ട്. ഇവരും മാർ യൌസേപ്പിന്നു വിശുദ്ധ യോഹന്നാനോടു തുല്യപദവിയെ നൽകാതിരിക്കുന്നില്ല. ഈ സന്ദൎഭത്തിൽ പതിന്നാലാം ബെനഡിക്തോസ് മാർപ്പാപ്പായുടെ വ്യാഖ്യാനംതന്നെ തക്ക സമാധാനമായിരിക്കും. അദ്ദേഹം ഇങ്ങനെ പറയുന്നു:— "വിശുദ്ധ യോഹന്നാനെ ഇപ്രകാരം സ്തുതിക്കുന്നതുമൂലം മാർ യൌസേപ്പിന്റെ അദ്വിതീയ മഹത്വത്തിന്നു ഒരു ന്യൂനതയും ഭവിക്കുന്നില്ല. സുവിശേഷ പ്രസ്താവന നിഷ്കൃഷ്ടമായിട്ടുള്ളതല്ല, പിന്നെയോ താരതമ്യേന മാത്രമാണ്. Non absolute, sed comparative. പഴയനിയമത്തിലെ പുണ്യാത്മാക്കളെയും പ്രവാചകന്മാരെയും മാത്രമാണ് സുവിശേഷം ഇവിടെ വിവക്ഷിച്ചിരിക്കുന്നത്. സാധാരണ പ്രസ്താവങ്ങളിൽ എല്ലായ്പ്പോഴുമുണ്ടായിരിക്കുന്ന വ്യത്യസ്തങ്ങളെ നാം പ്രത്യേകം സ്മരിക്കേണ്ടതാണ്. മ്ശിഹായേയും മറിയത്തേയും ഈ വാക്യത്തിൽ ഉൾപ്പെടുത്തീട്ടില്ലാത്തതുപോലെ മാർ യൌസേപ്പിനേയും അതിൽ ചേൎത്തിട്ടില്ല"

സുവിശേഷവ്യാഖ്യാനത്തിൽ സുപ്രസിദ്ധനായ മൽദൊനാത്തുസ് ഇങ്ങനെ എഴുതിയിരിക്കുന്നു:— "വിശുദ്ധ ജറോം പ്രസ്താവിക്കുന്നതുപോലെ, ക്രിസ്തു സ്നാപകയോഹന്നാനെ, താരതമ്യപ്പെടുത്തുന്നതു, മൊത്തത്തിൽ എല്ലാ പുണ്യവാന്മാരോടുമല്ലാ പിന്നെയോ പഴയ നിയമത്തിൽ ഉള്ളവരോടുമാത്രമാണ് എന്നു ഞാൻ ചുരുക്കത്തിൽ പറഞ്ഞുകൊള്ളട്ടെ." "ക്രിസ്തു പ്രസ്തുത വാക്യംകൊണ്ടു യോഹന്നാനു പ്രവാചകന്മാരെയും പൂൎവ്വപിതാക്കന്മാരെയുംകാൾ ഒരു മേന്മ കൊടുത്തിട്ടില്ലെന്നും എന്നാൽ അവരോടു സമപ്പെടുത്തീട്ടു മാത്രമേയുള്ളുവെന്നും" വിശുദ്ധ ജറോം വ്യാഖ്യാനിക്കുന്നു.

അതിനാൽ വിശുദ്ധ സ്നാപകയോഹന്നാനെക്കാൾ കൂടുതൽ യോഗ്യതയുള്ള യാതൊരു പ്രവാചകനും ഉണ്ടായിട്ടില്ലെന്നു മാത്രമേ നാം അനുമാനിക്കേണ്ടതുള്ളൂ. എന്തെന്നാൽ അദ്ദേഹത്തിന്റെ പൂൎവ്വഗാമികളായ സകല പ്രവാചകന്മാരും മ്ശിഹായെ അരൂപിയിൽ മാത്രമേ ദൎശിച്ചുള്ളൂ. യോഹന്നാനോ എന്നാൽ ലോകത്തിൽ സന്നിഹിതനായിരിക്കുന്ന മ്ശിഹായെ തന്റെ അംഗുലിവിക്ഷേപത്താൽ കാണിച്ചുകൊടുക്കുന്നതിനു സാധിച്ചിരുന്നു. ഇതു് എത്രയും വലിയ ഭാഗ്യമാണെന്നു പറയേണ്ടതില്ലല്ലോ. എന്നു തന്നെയല്ല, വിശുദ്ധ ലൂക്കായുടെ സുവിശേഷം ഏഴാം അദ്ധ്യായം ൨൮-ാം വാക്യത്തിൽനിന്നു ഈ സംഗതി കുറേക്കൂടി വ്യക്തമാകുന്നുണ്ട്. "സ്ത്രീകളിൽനിന്നു ജനിച്ചവരിൽ സ്നാപകയോഹന്നാനെക്കാൾ വലിയ ദീൎഘദൎശി ആരുമില്ല" എന്നു അവിടെ നാം വായിക്കുന്നു. മഹാത്മാവായ സ്കറിയാതന്നെ പ്രവചിച്ചിരിക്കുന്നതും "അത്യുന്നതന്റെ ദീൎഘദൎശി" എന്നു വിശുദ്ധ യോഹന്നാൻ വിളിക്കപ്പെടുമെന്നാണ്.

യോഹന്നാനെപ്പററിയുള്ള സുവിശേഷ പ്രസ്താവത്തിൽ "സ്വൎഗ്ഗീയ രാജ്യത്തിൽ ചെറിയവൻ, അവനെ (യോഹന്നാനെ)ക്കാൾ വലിയവനാകുന്നു" എന്നു പറയപ്പെട്ടിരിക്കുന്നു. "സ്വൎഗ്ഗീയരാജ്യം" എന്ന പദത്തിനു തിരുസഭ, അതായതു് ക്രിസ്തുവിനാൽ ലോകത്തിൽ സ്ഥാപിതമായ സഭ, എന്നും അൎത്ഥമുണ്ട്. തിരുസഭയിൽ— പുതിയ നിയമത്തിൽ— സ്ഥാനംകൊണ്ടും മററും ചെറിയവനായാലും പഴയ നിയമത്തിലെ പ്രധാനനായ സ്നാപകയോഹന്നാനെക്കാളും "വലിയവനാ"കുന്നു എന്നത്രെ നാം ഗ്രഹിക്കേണ്ടതു്. ഇവിടെ ക്രിസ്തീയപുണ്യങ്ങളിൽ മുഖ്യമായിട്ടുള്ള വിനയത്തെ (എളിമയെ)യാണ് സൂചിപ്പിക്കുന്നതെന്നു വ്യാഖ്യാതാക്കൾ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു. അങ്ങനെയെങ്കിൽ മ്ശിഹായേയും മറിയത്തിനേയും ഒഴിച്ചാൽ ഈ മഹാപുണ്യത്തിൽ മുന്നിട്ടുനിൽക്കുന്നതു മാർ യൌസേപ്പാണെന്നുള്ളതു് ആരും നിഷേധിക്കുന്നതല്ല. ഒരിക്കൽ തന്റെ ശിഷ്യന്മാർ ക്രിസ്തുവിനോടു സ്വൎഗ്ഗത്തിൽ വലിയവൻ ആര

യിരിക്കും എന്നു ചോദിച്ചപ്പോൾ അങ്ങുന്ന് ഒരു ചെറിയ കുട്ടിയെ കാണിച്ചുകൊണ്ടു് അവനെപ്പോലെ തന്നെത്തന്നെ താഴ്ത്തുന്നവൻ ആരോ അവനാണു സ്വർഗ്ഗീയ രാജ്യത്തിൽ വലിയവൻ എന്നു ഉത്തരമായി അരുളിച്ചെയ്തു. അതിനാൽ ഈ സുവിശേഷവാക്യങ്ങൾകൊണ്ടുതന്നെ വിശുദ്ധ യോഹന്നാൻ ഉൾപ്പെട്ട എല്ലാ പുണ്യവാന്മാരെക്കാൾ വലിയവനാകുന്നു മാർ യൌസേപ്പ് എന്നു തെളിയുന്നു.

എന്നു വരികിലും ദൈവപുത്രനാൽ തന്നെ പ്രത്യേക വിധത്തിൽ സ്തുതിക്കപ്പെട്ടിട്ടുള്ള വിശുദ്ധ സ്നാപകയോഹന്നാനെപ്പററി നാം ഇങ്ങനെ പ്രസ്താവിക്കുന്നതു് തൻെറ അതുല്യ യോഗ്യതയ്ക്കു ഒരു പ്രകാരത്തിലും ഹാനികരമായി വരികയില്ലെന്നും, എന്നാൽ നമ്മുടെ ദിവ്യരക്ഷകനും തൻെറ ജനനിയും കഴിഞ്ഞാൽ മറെറല്ലാ പുണ്യവാന്മാരെയും മാലാഖാമാരെത്തന്നെയും അതിശയിക്കുന്ന മഹത്വം മാർ യൌസേപ്പിനാണെന്നു സാധിക്കമാത്രമേ ചെയ്യുന്നുള്ളുവെന്നും നമ്മൾ ഓൎക്കേണ്ടതാണു്.

ഫാദർ ജോസഫ് ഏണേക്കാട്ട്.

## കർത്താവിൻെറ പ്രാർത്ഥന. (തുടർച്ച)

വനങ്ങളിലും മലകളിലും കായലുകളിലും വസിക്കുന്നതായി അജ്ഞാനികൾ വിശ്വസിച്ചു പോരുന്ന കള്ളദേവന്മാരിൽ നിന്നു മുഖ്യമായി സ്വർഗ്ഗത്തിൽ സ്ഥിതിചെയ്യുന്ന സത്യദൈവത്തെ വിവേചനം ചെയ്യാൻവേണ്ടി "ആകാശങ്ങളിൽ ഇരിക്കുന്ന" എന്ന വാക്കുകൾ ചേർക്കപ്പെട്ടിരിക്കുന്നു. ഇതിനാൽ ന. കർത്താവ്, സത്യവിശ്വാസത്തിൽ നമ്മെ സ്ഥിരപ്പെടുത്തുവാനും, കള്ളദേവന്മാരുടെ ആരാധനയിൽ നിന്നു നമ്മെ അകററുവാനും മനസ്സായി. കൂടാതെയും ഇതിനാൽ നാം ഇഹത്തിൽ പരദേശികളാകുന്നു എന്നും, നമുക്കു ഇവിടെ സത്യമായ വീടില്ലായെന്നും, നമ്മുടെ പിതാവ് എവിടെ ഇരിക്കുന്നുവൊ അവിടെ നാമും ഇരിക്കേണ്ടതാകുന്നു എന്നും നാം സമ്മതിക്കുന്നു.

അവസാനമായി നാം പ്രാർത്ഥിക്കുമ്പോൾ നാം എല്ലാ ലൌകിക വിചാരങ്ങളിൽ നിന്നും അകന്നു, നമ്മുടെ ബുദ്ധിയെ സ്വർഗ്ഗത്തിലേക്കു ഉയൎത്തേണ്ടതാകുന്നു എന്നു ഈ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു. നിങ്ങളുടെ ബുദ്ധിയെ സ്വർഗ്ഗത്തിലേക്കു ഉയർത്തുവിൻ, "ല്ല് ഏൽനെ ഹവോൻ മഌഅയിക്കോൻ" എന്ന വിശുദ്ധ കുർബാനയിലെ വാക്യവും ഈ സത്യത്തെ സൂചിപ്പിക്കുന്നു.

ദൃഷ്ടാന്തം— 'ഫ്രാൻസിൻെറ മഹാരാജാവായ വിശുദ്ധ ലൂയിസ്' താൻ ജ്ഞാനസ്നാനം കൈക്കൊണ്ട ഇടമായ പ്വവസിനഗരത്തോടു വളരെ ഭക്തിയും ബഹുമാനവുമുള്ളവനായിരുന്നു. താൻ മാമ്മോദീസ സ്വീകരിച്ച പ്വവസി കോട്ടയിലെ ചെറിയ ദേവാലയത്തിലെ വിശുദ്ധ ജ്ഞാനസ്നാനതൊട്ടിയിൻമുമ്പാകെ അദ്ദേഹം പലപ്പോഴും മുട്ടുകുത്തി അവിടെ ദൈവം തനിക്കു നൽകിയ അനുഗ്രഹങ്ങളെ ഓൎത്തു നന്ദിയുള്ള സ്തോത്രങ്ങൾ ചെയ്യുന്നതിൽ അനേകനാഴിക വിനിയോഗിച്ചുവന്നു. പലപ്പോഴും തൻെറ രാജമഹത്വത്തിൻെറ യാതൊരടയാളവും കാണിക്കാതെ, "പ്വവസിക്കാരൻ ലൂയിസ്" എന്നു മാത്രം സാരമേറിയ പല ലേഖനങ്ങൾക്കും കൈയൊപ്പവച്ചുവന്നു. എന്തുകൊണ്ടു പ്വവസിപള്ളിയിലേക്കു ഇത്ര കൂടെക്കൂടെ പോകുന്നു എന്നും, തിരുമനസ്സിൽ നിന്നു് രാജാഭിഷേകം കൈക്കൊണ്ട റെയിംസിലെ മഹത്തായ രാജകീയ ദേവാലയത്തെക്കാൾ ഇത്ര നിസ്സാരമായുള്ളതും ഇത്ര ഭംഗിയില്ലാത്തതുമായ പ്വവസിപള്ളിയെ ഇത്ര സ്നേഹിക്കുന്നു എന്നും ചോദിച്ചാറെ, മഹാരാജാവു് ഉത്തരംപറഞ്ഞുവന്നതു ഇങ്ങനെയായിരുന്നു.— നിരർത്ഥകമായും ക്ഷണഭംഗുരമായുമുള്ള ഒരു ലൌകികരാജാവിൻെറ ബഹുമാനങ്ങളെ കൈക്കൊണ്ട സ്ഥലത്തെക്കാൾ "ക്രിസ്ത്യാനി" എന്നു മഹത്വമേറിയ നാമധേയത്തെ കൈക്കൊണ്ട

സ്ഥലത്തെ ഞാൻ എത്രയും അധികമായി സ്നേഹിക്കേണ്ടതല്ലയൊ? റെയിംസനഗരത്തിൽ ഞാൻ എന്റെ പിതാവിന്റെ കിരീടം പ്രാപിച്ചു; ഒരു ലൌകികരാജാവായി അഭിഷേകം ചെയ്യപ്പെട്ടു. എന്നാൽ പൂവസ്സിയിൽ വച്ചു എനിക്കു ഈശോമ്ശിഹായുടെ ഏററം അമൂല്യമായുള്ള കിരീടം ലഭിക്കയും, ദൈവപുത്രനായി അഭിഷേകിക്കപ്പെടുകയും ചെയ്തു. റെയിംസ്സിലെ കിരീടധാരണയാൽ എന്റെ കീഴുള്ള ജനങ്ങളെ ഭരിപ്പാനും, മരണത്തോടെ നഷ്ടമായിപ്പോകുന്ന മഹിമയും പ്രതാപവുമുള്ള ഒരു സിംഹാസനത്തിൽ ഇരിപ്പാനും എനിക്കു ഭാഗ്യം ലഭിച്ചു; എന്നാൽ, പൂവസ്സിയിൽ ഞാൻ കൈക്കൊണ്ട മാമ്മോദീസായാൽ സ്വർഗ്ഗത്തിൽ ഇരിക്കുന്ന എന്റെ പിതാവിന്റെ സനാതനമഹിമയോടുകൂടിയ സിംഹാസനത്തിൽ ഞാൻ അവകാശിയായി ഭവിക്കയാണുണ്ടായത്. (തുടരും.)

ഫാദർ എഫ്രേം സി. ഡി.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്.

### തമ്പുരാൻ എന്തിനു നിങ്ങളെ സൃഷ്ടിച്ചു?

പ്രിയ കുഞ്ഞുങ്ങളേ, നമ്മുടെ ചില പള്ളികളിൽ, മഹാന്മാരായിട്ടുള്ള ആളുകളുടെ പ്രേതം അടക്കിയിരിക്കുന്ന സ്ഥലത്തു ചില മാർബിൾക്കല്ലുകളും, അതുകളിന്മേൽ ചില എഴുത്തുകളും അപൂർവമായിട്ടെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കണം. ഈ രാജ്യത്ത് ഇതുപോലെയുള്ള സമ്പ്രദായം അത്ര ധാരാളമായി നടപ്പിൽവന്നിട്ടില്ല. എന്നാൽ ശീമരാജ്യങ്ങളിൽ ഇതു സാധാരണമാണ്. ചിലയാളുകൾ മരിക്കുന്നതിനു മുമ്പുതന്നെ അവരുടെ ശവകുടീരങ്ങളിൽ എഴുതി സ്ഥാപിക്കുന്നതിനുള്ള വാക്യങ്ങളെ നിശ്ചയിച്ചു വയ്ക്കാറുണ്ട്. ഇപ്രകാരം പുണ്യവാനായ ഒരു മഹാന്റെ മുൻനിശ്ചയമനുസരിച്ചു ആ ദേഹത്തിന്റെ സംസ്കാരസ്ഥലത്ത് എഴുതിയിട്ടിരിക്കുന്ന വാചകം ഇങ്ങനെയാണ്. "Here lies a fool who went out of the world without knowing why he came in to it." "എന്തിനായി ലോകത്തിലേക്കു വന്നെന്നുള്ളത് അറിയാതെതന്നേ അതിൽനിന്നു പുറപ്പെട്ടുപോയ ഒരു ഭോഷൻ ഇതാ ഇവിടെക്കിടക്കുന്നു." എളിമമുഖാന്തരം തന്നെക്കുറിച്ചു ഈ മഹാൻ പ്രസ്താവിച്ചിരിക്കുന്നതിനേ എത്രയോ ആളുകളെക്കുറിച്ചു വാസ്തവത്തിൽ പറയപ്പെടാവുന്നതാണ്. സാമാനങ്ങൾ വാങ്ങിക്കുന്നതിനായി ഷാപ്പിലേക്കയയ്ക്കപ്പെട്ട ഒരു കുട്ടി, കൂട്ടുകാരോടുകൂടി കളിച്ചുനടന്നശേഷം, എന്തിനായിട്ടു പോയി എന്നുള്ള സംഗതിപോലും മറന്നു വീട്ടിലെത്തുകയാണെങ്കിൽ, അവനെ ഒരു മഹാ ഭോഷനെന്നു നിങ്ങളെല്ലാവരും പറകയില്ലയോ? ആകാശത്തിലിരിക്കുന്ന നമ്മുടെ പിതാവു നമ്മെ കുറേ നാളത്തേക്കു ഈ ലോകത്തിലോട്ടു അയച്ചിരിക്കുന്നത് എന്തു കാര്യസാദ്ധ്യത്തിലേക്കാണെന്നു അറിയാതെതന്നെ തിരികെ അങ്ങോട്ടേക്കു പുറപ്പെടുന്ന ആ ഭോഷന്മാരുടെ ഗതി എന്തായിരിക്കും?

ആകയാൽ പ്രിയ കുഞ്ഞുങ്ങളേ! നിങ്ങളുടെ ജീവിതകാലത്തിൽ ഒന്നാമതായിട്ടും പ്രധാനമായിട്ടും നിങ്ങളുടെ ബാലഹൃദയങ്ങളിൽ ആഴമായിപ്പതിയേണ്ട ഒരു കാര്യമാണിതു്. നിങ്ങളുടെ വേദോപദേശപ്പുസ്തകങ്ങളിൽനിന്ന് ഇതു നിങ്ങൾ പഠിച്ചിട്ടുണ്ട്. "തമ്പുരാൻ എന്തിനു നിന്നെ സൃഷ്ടിച്ചു? തന്നെയറിഞ്ഞു സ്നേഹിച്ചു, തന്റെ ശുദ്ധമാനമാർഗ്ഗം കാത്തുകൊണ്ട്" നിത്യഭാഗ്യം പ്രാപിക്കുന്നതിനായിട്ട്. എന്നാൽ തത്ത പറയുന്നതുപോലെ നിങ്ങൾ ചൊല്ലിപ്പഠിച്ച ആ വാക്കുകളുടെ ശരിയായ അർത്ഥമെന്താണെന്നു ഇനിയും വേണ്ടപോലെ നിങ്ങൾ ഗ്രഹിച്ചിട്ടില്ല. ഇല്ലായ്മയിൽനിന്നു തന്റെ സർവ്വശയാൽ ആകാശവും ഭൂമിയും സൃഷ്ടിച്ച ആ ദൈവം തന്നെയാണ് നിങ്ങളേയും സൃഷ്ടിച്ചത്: സകല സൃഷ്ടികളും സ്രഷ്ടാവിന്റെ തിരുമനസ്സു നിറവേററുവാൻ കട

പ്പെട്ടിരിക്കുന്നു. ബുദ്ധിയില്ലാത്ത സൃഷ്ടികൾക്കു കൂടെയും ഈ ചുമതല ഒഴിച്ചുകൂടാത്തതായുണ്ടു്. സൂര്യചന്ദ്ര നക്ഷത്രങ്ങളേ നിങ്ങൾ കാണുന്നില്ലേ? അവ എത്രയോ കൃത്യമായി അവയ്ക്കു് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ജോലിയെ നിർവഹിക്കുന്നു. ദാവീദുനിവ്യാ അരുളിച്ചെയ്യുന്നതുപോലെ, ഇപ്രകാരം "ആകാശം ദൈവത്തിന്റെ സ്തുതിയെ പ്രത്യക്ഷപ്പെടുത്തുകയാണു ചെയ്യുന്നതു്." ആകയാൽ ബുദ്ധിയുള്ള മനുഷ്യൻ എത്രധികമായി ദൈവത്തെ സ്തുതിപ്പാൻ കടപ്പെട്ടിരിക്കുന്നുവെന്നു നിങ്ങൾ ഓർത്തുനോക്കുവിൻ! ചുരുങ്ങിയകാലം, ഇങ്ങനെ തന്റെ സ്രഷ്ടാവിനെ സ്തുതിച്ച് അങ്ങേതിരുമനസ്സു നിറവേററി ഈ ലോകത്തിൽ ജീവിച്ചശേഷം ഒരിക്കലും അവസാനിക്കാത്ത ഒരു നിത്യഭാഗ്യം നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്നു. ഹാ! മനുഷ്യാ! നിന്റെ മഹത്വത്തെ നീ അറിയുന്നില്ല. നിന്റെ കർത്താവായ ദൈവത്തെ സ്നേഹിച്ചു ജീവിച്ചാൽ നിനക്കു ലഭിക്കാനിരിക്കുന്ന ആ പരമാനന്ദ ഭാഗ്യത്തെ നീയോർക്കാതെ, നിന്റെ ഹൃദയത്തെ ഒരിക്കലും തൃപ്തിവരുത്തുവാൻ കഴിയാത്തവയും, കിട്ടുമോയെന്നു നിശ്ചയമില്ലാത്തവയും, കിട്ടിയാലും നിലനില്പില്ലാത്തവയുമായ ഓരോ തരം ലൌകിക ഭാഗ്യങ്ങളെ അന്വേഷിച്ചു നീയോടി നടക്കുന്നു. ഹാ! ബുദ്ധികെട്ടവനേ! ഇതിന്നായിട്ടല്ല നീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. നിന്റെ സ്രഷ്ടാവായ ദൈവത്തോടുകൂടെ ആകാശമോക്ഷത്തിൽ ചെന്നുചേരുന്നെങ്കിലല്ലാതെ, ഇതുകൊണ്ടൊന്നും നിന്റെ ഹൃദയത്തിന്നു പൂർണ്ണതൃപ്തിവരുമെന്നു ഒരുനാളും നീ വിചാരിച്ചുപോകേണ്ട. ലൌകിക ഭാഗ്യങ്ങളെല്ലാം വേണ്ടപോലെ അനുഭവിച്ചുകണ്ട ശ്ലേമ്മോൻ പറയുന്നതിനെ നീ കേൾക്കുക. "Vanitas vanitatum omnia vanitas" മായങ്ങളുടെ മായം സർവ്വതും മായം!

പ്രിയ കുഞ്ഞുങ്ങളേ! അതിനാൽ ഈ ലോകത്തിനായിട്ടു മാത്രം സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മൃഗങ്ങളെപ്പോലെയുള്ള ജീവിതം കഴിച്ചാൽ പോരെന്നു നിങ്ങൾ ചെറുപ്പത്തിലേ മനസ്സിലാക്കണം. വിലതീരാത്ത ഒരാത്മാവു നിങ്ങളിൽ ഓരോരുത്തനും ഉണ്ടു്. അതു രക്ഷിക്കണം: അതാണു ഓരോരുത്തന്റേയും ചുമതല. എന്നാൽ വി. അഗുസ്തീനോസുമല്പാൻ പറയുന്നതുപോലെ "നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവം നിന്നെക്കൂടാതെ നിന്നെ രക്ഷിക്കയില്ല" അവനവൻ നല്ലപോലെ ബുദ്ധിമുട്ടി വേല ചെയ്തു ആ നിത്യസമ്മാനം പ്രാപിക്കണം. ഹാ! ഈ ജോലി മറന്നിട്ടു ലോകം മുഴുവൻ നേടിയാലും എന്തു ഫലം? പ്രിയകുഞ്ഞുങ്ങളേ! "ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ എന്തു ഫലം?" എത്രയോ പേരെ നല്ലവഴിക്കു തിരിച്ച വാക്യമാണിതെന്നു മനസ്സിരുത്തിയോർക്കുക.

ഹാ! എന്റെ ദൈവമേ! ഈ മഹാ സത്യങ്ങളെ ഒന്നും ഓർക്കാതെ ഇതേവരെ പിശാചിന്റെ ദുർബ്ബുദ്ധികൾക്കു ചെവികൊടുത്തുപോയി. ഇപ്പോഴെങ്കിലും ഇതുകളെ ഓർക്കുന്നതിന്നു സഹായം ചെയ്യുന്നതിനെക്കുറിച്ചു നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു. എന്റെ ഈശോയേ! ഇനിമേലാൽ ഞാൻ നല്ല കുഞ്ഞായിട്ടു നടക്കുന്നതിനു പാടുപോലെ ശ്രമിക്കുന്നതാണു്. എന്റെ ആത്മാവിനു നാശം വരുത്തുന്നതായ യാതൊരു വിചാരവും, വചനവും പ്രവൃത്തിയും എന്നിൽ ഉണ്ടാകാതെ ഞാൻ അത്യന്തശ്രദ്ധയായി ജീവിച്ചുകൊള്ളാം. പരിശുദ്ധ കന്യാസ്ത്രീ മറിയമേ! എന്റെ മാതാവേ! നിനക്കിഷ്ടമുള്ള നല്ല കുഞ്ഞായിട്ടു ജീവിക്കുന്നതിനു വേണ്ട വരപ്രസാദങ്ങൾ എനിക്കു നീ പ്രാപിച്ചുതരണമേ. എന്റെ കാവൽമാലാഖായേ! പേരിനു കാരണമായ പുണ്യാത്മാവേ! സകല മോക്ഷവാസികളേ ഞാൻ നിങ്ങളോടുകൂടെ മോക്ഷഭാഗ്യത്തിൽ വന്നുചേരുന്നതുവരെ എനിക്കുവേണ്ടി അപേക്ഷിച്ചുകൊള്ളണമേ! ആമ്മേൻ.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

P. S. പുത്തനാണ്ടിന്റെ സന്തോഷം പറഞ്ഞുകൊള്ളുന്നു. പുതിയ ഒരു ജീവിതവും ഇതോടുകൂടെ ആരംഭിക്കണം. ഓരോ ദുർഗ്ഗുണം ഓരോ മാസത്തിൽ തീർത്താൽ ആണ്ടവസാനിക്കുമ്പോൾ നിങ്ങൾ എത്രയോ നല്ല കുഞ്ഞുങ്ങളായിരിക്കും? അ

കയാൽ ഈ മാസത്തിൽ, കൊന്തനമസ്കാരം മുടങ്ങാതെ എത്തിക്കുന്ന കാൎയ്യത്തിൽ ചിലൎക്കൊക്കെയുള്ള വീഴ്ച മുഴുവനായിട്ടു തീൎക്കണമെന്നു ഓൎപ്പിക്കുന്നു.

# † ഭാഗ്യമായിരിപ്പാനുള്ള വിദ്യ.

1. ഭാഗ്യമായിരിപ്പാൻ നാം ചെയ്യേണ്ടതെന്ത്?— ഇതു് വളരെ ബുദ്ധിമുട്ടുള്ള ഒരു കാൎയ്യമല്ല. ഇതിന് അഗാധമായ പാണ്ഡിത്യമോ പ്രതിഭാശക്തിയോ ആവശ്യമില്ല; അവനവന്റെ ധൎമ്മാനുഷ്ഠാനത്തിൽ യഥാൎത്ഥമായ മനസ്സും അഭിനിവേശവും മാത്രമുണ്ടായാൽ മതി. ഐഹിക സൌഭാഗ്യം— ഇവിടെ ലഭിക്കാവുന്നെടത്തോളം സൌഭാഗ്യം— ഒരു ഉത്തമ മനഃസാക്ഷിയിൽ നിന്നു ജനിക്കുന്ന ആനന്ദം അഥവാ, സമാധാനത്തിൽ സ്ഥിതിചെയ്യുന്നു. പശ്ചാത്താപം അനുഭവിപ്പാൻ സംഗതി വരാത്തപ്പോൾ, നമ്മുടെ മനഃസാക്ഷി ആനന്ദമയമായും ശാന്തപൂൎണ്ണമായും ഇരിക്കും; ദൈവത്തിന്ന് അനിഷ്ടം വരുത്താതിരിപ്പാൻ നാം ശ്രമിച്ചാൽ, മനഃസാക്ഷിക്കു യാതൊരുവക കലക്കവും നേരിടുകയില്ല. അതുകൊണ്ടു്, ഭൂലോകത്തിൽ ഭാഗ്യമായിരിപ്പാനുള്ള മുഖ്യമാൎഗ്ഗം പാപത്തിൽ നിന്നു ഒഴിഞ്ഞിരിക്കുകയാണെന്നു് സിദ്ധിക്കുന്നു. നമ്മുടെ മനസ്സാക്ഷി നിൎമ്മലമായിരുന്നാൽ, നമ്മുടെ ജീവിതം ഭാഗ്യഭൂയിഷ്ഠമായിരിക്കും. പുണ്യാത്മാക്കളെപ്പോലെ ഭാഗ്യമനുഭവിക്കുന്നവർ ആരുമില്ല; എന്തുകൊണ്ടെന്നാൽ, അവരോളം നിഷ്കളങ്കന്മാർ ആരുമില്ല.

11. ഒരു ഗൃഹജീവിതത്തിൽ ഭാഗ്യമനുഭവിപ്പാനുള്ള വഴി ഏതു്? എല്ലാററിലും മേലായി, മതം: സകലരും ദൈവത്തെ സ്നേഹിക്കയും, ദൈനംദിനപ്രാൎത്ഥനകൾ കഴിക്കയും ദൈവത്തിന്റെ അനന്തശക്തിയിൽ ആശ്രയിക്കയും ചെയ്യണം. രണ്ടാമതായി, ഐകമത്യം: വീട്ടിലുള്ള സകല അംഗങ്ങളും, തങ്ങൾക്കു ഒരു ഹൃദയവും ആത്മാവും ഉണ്ടായാൽ എന്നപോലെ, പരസ്പരപ്രേമത്തിൽ വൎത്തിക്കയും, ഒരാൾക്കും മനോവ്യഥയ്ക്കു ഇടവരുത്തുന്ന യാതൊരു കാൎയ്യവും പറകയോ പ്രവൎത്തിക്കയോ ചെയ്യാതിരിക്കയും വേണം. മൂന്നാമതായി വേണ്ടതു്, ആത്മത്യാഗബുദ്ധി: നമുക്കു് ഏററവും ആഗ്രഹമുള്ള ഏതെങ്കിലും സാധനങ്ങൾ, കുടുംബത്തിലെ ഇതരാംഗങ്ങളുടെ സുഖത്തിനു വേണ്ടി സന്തോഷപൂൎവ്വം ഉപേക്ഷിപ്പാനും, നമ്മുടെ സ്വന്ത അഭിലാഷങ്ങൾ മററുള്ളവരുടെ അഭിലാഷങ്ങളുമായി യോജിപ്പിപ്പാനും നാം സദാ ഒരുക്കമുള്ളവരായിരിക്കണം. നാം പരമാൎത്ഥമായി സ്നേഹിക്കുന്ന നമ്മുടെ അച്ഛനമ്മമാൎക്കു വേണ്ടിയും സഹോദരസഹോദരിമാൎക്കുവേണ്ടിയും സങ്കടങ്ങൾ അനുഭവിക്കേണ്ടി വരുന്നതു് വാസ്തവത്തിൽ ഒരു വലിയ ഭാഗ്യംതന്നെയാണു്. ഈ ഭാഗ്യം അനുഭവിച്ചുതന്നെ അറിയേണ്ടതത്രെ. എന്നാൽ കൎത്താവിന്റെ ജീവത്യാഗത്തെപ്പററി ചിന്തിക്കുന്ന ഒരു യഥാൎത്ഥക്രിസ്ത്യാനി, തനിക്കു ദോഷം ചെയ്യുന്ന ശത്രുക്കളുടെ ക്ഷേമത്തിനായിത്തന്നെയും എന്തു അരിഷ്ടതകളും കൈയേൽക്കുവാൻ തയാറായിരിക്കുമെന്നു നാം ഓൎക്കേണ്ടതാണു്. അവസാനമായി, സ്വഭാവമാൎദ്ദവതാം: നിസ്സാരകാൎയ്യം നിമിത്തം മുഷിയുകയോ ചൊടിക്കുകയോ അരുതു്; ശേഷംപേൎക്കു നമ്മോടു പെരുമാറാൻ സാധിക്കാത്ത വിധം യാതൊരു ദുൎഗ്ഗുണവും നമുക്കുണ്ടായിക്കൂടാ. സ്വാഭിപ്രായസ്ഥാപനത്തിൽ ക്രമവിരുദ്ധമായ ശാഠ്യം, അഹങ്കാരം, വാശി ഇതെല്ലാം ത്യജിക്കേണ്ടതാണു്. നമ്മുടെ മനസ്സും ഹൃദയവും ഓരോനാൾ ചെല്ലുന്തോറും വിശാലവും സ്നേഹമസൃണവും ആയിത്തിരുവാൻ നാം ഉദ്യമിക്കേണ്ടതാകുന്നു. ഈ വിവരിച്ച ഗുണങ്ങളോടുകൂടിയ അംഗങ്ങളുള്ള ഒരു കുടുംബം ഒരു ഭൌമിക പ

† പകൎപ്പവകാശം പരിഭാഷകന്.

റുമീസയാണെന്നുള്ളതിന് യാതൊരു സംശയവുമില്ല.

111.

തന്റെ സമസൃഷ്ടികളോടുകൂടെ സമുദായമധ്യേ, ജീവിപ്പാനും സംഭാഷിപ്പാനും അധ്വാനിപ്പാനും ഈശ്വരനാൽ നിയോഗിക്കപ്പെട്ടിട്ടുള്ള ക്രിസ്ത്യാനികളോടു എത്ര പ്രാവശ്യം ഉച്ചരിച്ചാലും അധികമാകാത്ത ഒരു വാക്യം ഇതാണ്. അനുഗ്രഹബുദ്ധിയോടുകൂടിയിരിക്ക. അതേ, അനുഗ്രഹബുദ്ധിയോടുകൂടെത്തന്നെ. മറ്റുള്ളവരുടെയും നിങ്ങളുടെയും ഗുണത്തിന് ഒരുപോലെ ആവശ്യമായ ഒരു കാൎയ്യമാണിത്. മറ്റുള്ളവർ തങ്ങൾക്കു വരുത്തുന്ന തുച്ഛങ്ങളായ ബുദ്ധിമുട്ടുകളെ മറന്നുകളക. നിങ്ങളെപ്പറ്റി പറയപ്പെടുന്ന ആലോചനാരഹിതങ്ങളായ അധിക്ഷേപവാക്കുകളെപ്പറ്റി രോഷം ഭാവിക്കാതിരിക്ക. നിങ്ങളെ ഉദ്ദേശിച്ച് ചെയ്യപ്പെടുന്ന കുറ്റങ്ങളേയും ഗോഷ്ടിമയങ്ങളായ അപരാധങ്ങളെയും ക്ഷമിക്കുക. ബുദ്ധിഹീനമായ കൃത്യങ്ങളാലോ വചനങ്ങളാലോ നിങ്ങൾക്കു ദോഷം ചെയ്യുന്നവരുടെ ഉദ്ദേശ്യങ്ങൾക്കു ഏതെങ്കിലും മാഹാത്മ്യം കല്പിക്കുക. ചുരുക്കിപ്പറഞ്ഞാൽ, സകല സംഗതികളിലും പുഞ്ചിരി തൂകുകയും എല്ലാ അവസരങ്ങളിലും മുഖപ്രസന്നതയോടുകൂടെ ഇരിക്കയും ചെയ്യുക. മനഃശുദ്ധി, ക്ഷമ, സൌമ്യത എന്നീ ത്രിഗുണങ്ങൾകൊണ്ടു സാധിപ്പാൻ കഴിയാത്ത കാൎയ്യങ്ങൾ നന്നാ ചുരുക്കമാണ്. ഇവ നിങ്ങൾക്കുണ്ടായിരുന്നാൽ നിങ്ങളുടെ സമസൃഷ്ടികളോടുകൂടെ സമാധാനത്തിൽ ജീവിപ്പാൻ ഇടവരും; അവരുടെ നേരെ നിങ്ങൾക്കുള്ള സ്നേഹത്തിന് യാതൊരു മാറ്റവും സംഭവിക്കയില്ല; അവൎക്കു നിങ്ങളുടെ നേരെയുള്ള സ്നേഹമാകട്ടെ, പ്രതിദിനം വൎദ്ധിച്ചുകൊണ്ടുവരികയും ചെയ്യും. എന്നാൽ എല്ലാറ്റിലും മേലായി, ക്രിസ്തീയസ്നേഹം എന്നു പറയുന്ന ആ മഹത്തായ ധൎമ്മം വിശേഷരീതിയിൽ പരിശീലിപ്പാൻ നിങ്ങൾക്കു സംഗതിയാകും. ഇതിലേക്കു മേല്പറഞ്ഞ സഹനശീലവും അനുഗ്രഹബുദ്ധിയും, ജീവിതത്തിലെ ഓരോ വിനാഴികയും അത്യന്താപേക്ഷിതമാണ്.

"ഞാൻ പ്രതാപകോമളങ്ങളായ സമുദായനികേതങ്ങളിലും, വിഭവപരിപൂൎണ്ണങ്ങളായ ഭക്ഷണശാലകളിലും, ഉല്ലാസസമ്മിളിതങ്ങളായ നാടകാലയങ്ങളിലും ഭാഗ്യം അന്വേഷിച്ചു നടന്നു ബുദ്ധിമുട്ടിയിട്ടുണ്ട്. വീണ്ടും ഞാൻ അതു ധനസമ്പാദനത്തിലും. ചൂതുകളിമേശയിലെ ആനന്ദോന്മേഷത്തിലും, അനുരാഗവിഭ്രമണങ്ങളിലും തേടിനോക്കി; എങ്കിലും അതു കണ്ടെത്തുവാൻ എനിക്കു കഴിഞ്ഞില്ല. എന്നാൽ, ഒരു രോഗിയെ സന്ദൎശിക്കുന്നതിലും, ദുഃഖിതനായ ഒരാളെ ആശ്വസിപ്പിക്കുന്നതിലും ഞാൻ കഴിച്ച ഒരൊറ്റ മണിക്കൂർ, സകല സന്തോഷങ്ങളെക്കാൾ, സന്തോഷകരമായ ആനന്ദവും ഭാഗ്യവും എനിക്കു നൽകിയിട്ടുണ്ട്."

Anon. (തുടരും)

കെ. പി. പീറ്റർ

## ഡോക്ടർ വൈ. നിഷിമുറാ അവർകളുടെ മാനസാന്തരം.

ജപ്പാൻ ദന്തവൈദ്യനെ അറിയാത്തവർ കേരളത്തിൽ അധികം പേർ ഉണ്ടായിരിക്കയില്ല. ഇദ്ദേഹത്തിന്റെ ദന്തചികിത്സാസാമൎത്ഥ്യത്തെപ്പറ്റി കൊട്ടാരം മുതൽ കുടിൽ വരെ പലൎക്കും ബോദ്ധ്യം വന്നു കഴിഞ്ഞിരിക്കുന്നു. ഡോക്ടർ നിഷിമുറാ കേരളത്തിൽ സഞ്ചരിക്കാൻ തുടങ്ങിയിട്ടു വളരെ കാലമായിട്ടില്ലെങ്കിലും ഒരിക്കൽ അദ്ദേഹത്തിന്റെ ചികിത്സയുടെ ഗുണം അനുഭവിക്കാൻ സംഗതിയായിട്ടുള്ളവൎക്കു അദ്ദേഹത്തെക്കുറിച്ചു പ്രശംസിക്കാനല്ലാതെ കാരണമുണ്ടായിട്ടില്ല. അതു നിമിത്തം പ്രതിമാസം വലിയ ഒരു സംഖ്യ ഇദ്ദേഹത്തിനു കിട്ടിക്കൊണ്ടാണിരിക്കുന്നതു്. ഇങ്ങനെ പ്രസിദ്ധനായിത്തീൎന്നിരിക്കുന്ന ഡോക്ടർ നിഷിമുറാ ക്രിസ്തുമതോപദേശങ്ങൾ പഠിക്കാൻ തുടങ്ങിയിട്ടു കുറേനാളായി. എന്നാൽ അതു വളരെപ്പേർ അറിഞ്ഞിട്ടുണ്ടായിരുന്നില്ല. അമലോത്ഭവ മാതാവിന്റെ തിരുനാളായ കഴിഞ്ഞ

ബുധനാഴ്ച, അദ്ദേഹം ജ്ഞാനസ്നാനപ്പെടുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം അറിവായപ്പോൾ ഈ എറണാകുളം പട്ടണത്തിലുള്ള കത്തോലിക്കരുടെയിടയിൽ എന്തെന്നില്ലാത്ത സന്തോഷവും ഉത്സാഹവുമുണ്ടായി.

ഈ പട്ടണത്തിലെ പല മാന്യന്മാരും മഹതികളും ഡോക്ടർ നിഷിമുറായുടെ ജ്ഞാനസ്നാനകർമ്മം കാണ്മാനായി പ്രസ്തുത ദിവസം കാലത്തു എറണാകുളം ഉണ്ണിമിശിഹാപ്പള്ളിയിൽ കൂടി. അന്നേ ദിവസം എട്ടു മണിയ്ക്കുള്ള കുർബാന കഴിഞ്ഞപ്പോൾ ഡോക്ടർ നിഷിമുറാ ഒരു മോട്ടോർ കാറിൽ കയറി പള്ളിയിലേക്കു വന്നു. തദനന്തരം വരാപ്പുഴ വികാരി ജനറാൾ ദിവ്യശ്രീ ദോമിനിക്ക് ഒരുമിച്ചു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ഈ ദേവാലയത്തിലേക്കെഴുന്നള്ളി. പള്ളിയുടെ മുൻവശത്തു തയ്യാറാക്കപ്പെട്ടിരുന്ന പന്തലിൽവെച്ചാണു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ജ്ഞാനസ്നാന ദിവ്യകർമ്മം ആരംഭിച്ചതു്. ഡോക്ടർ നിഷിമുറായെ വേദപാഠങ്ങൾ പഠിപ്പിച്ച ഗുരുനാഥനായ ദിവ്യശ്രീ ഫാദർ ഗെറിയോനും പ്രസ്തുത പള്ളി വികാരി ദിവ്യശ്രീ ഫാദർ ക്രൂസും സെക്രട്ടറി ദിവ്യശ്രീ ഫാദർ അലക്സാണ്ടരും ഈ കർമ്മത്തിൽ സഹായകാർമ്മികന്മാരായിരുന്നു. മിസ്റ്റർ സി. പി. ലൂയീസും മിസ്സസ് ലൂയീസുമാണു് ജ്ഞാനസ്നാന മാതാപിതാക്കന്മാരായി നിന്നതു്. ജ്ഞാനസ്നാനം കഴിഞ്ഞതിന്റെശേഷം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു എത്രയും സാരഭൂയിഷ്ഠവും ഹൃദയംഗമവുമായ ഒരു പ്രസംഗം ചെയ്കയും ഡോക്ടർ നിഷിമുറായ്ക്കു സ്ഥൈര്യലേപനം നൽകുകയും 'തേ ദേവും' എന്ന സ്തോത്രഗീതം പാടുകയുമുണ്ടായി. തദനന്തരം എല്ലാവരും പള്ളിമേടയിൽ ചെന്നു മിസ്റ്റർ ലൂയീസിന്റെ സൽക്കാരം സ്വീകരിച്ചു പിരികയും ചെയ്തു. കത്തോലിക്കാസഭയുടെ ഈ പുതിയ അംഗത്തിന്നു ഐഹികവും പാരത്രികകമായ സകല സൗഭാഗ്യങ്ങളും നമ്മുടെ രക്ഷകൻ നൽകുമാറാവട്ടെ.

വ്യാഴാഴ്ച ഞാനും ഡാക്ടർ നിഷിമുറായുമായി ഒരു അഭിമുഖസംഭാഷണംനടത്തി. അദ്ദേഹത്തോടു ഞാൻ പലസംഗതികളെപ്പറ്റിയും ചോദിച്ചതിന്നു പറഞ്ഞ മറുപടിയുടെ സാരമാണു താഴെകാണുന്നതു്.

എന്റെ ജന്മനഗരം ജപ്പാനിൽ കോബെ (Kobe)യാണു്. എനിക്കു ൩൮ വയസ്സു പ്രായമായി. ഞാൻ രണ്ടര കൊല്ലം വൈദ്യശാസ്ത്രത്തിൽ സാമാന്യ ജ്ഞാനംസമ്പാദിച്ചതിന്റെശേഷം ദന്ത ചികിത്സ മാത്രം പഠിച്ചു. ആ ശാസ്ത്രത്തിൽ ഡി. എസ്. എന്ന ബിരുദം ലഭിച്ചതിന്റെ ശേഷം ചികിത്സിക്കാൻ തുടങ്ങി. ജപ്പാൻകാർ സാമാന്യമായിപ്പറഞ്ഞാൽ ബുദ്ധമതാനുയായികളാണു്. എങ്കിലും ഇപ്പോൾ അവിടെ മതവിശ്വാസം മിക്കവാറും നാശോന്മുഖമായിത്തീർന്നിരിക്കയാണു്. സാധാരണ കുട്ടികളെ മതോപദേശം പഠിപ്പിക്കാറില്ല. എന്റെയും സ്ഥിതി അതു തന്നെയായിരുന്നു. എന്റെ തൊഴിൽകൊണ്ടു പണം സമ്പാദിക്കാനായി ഞാൻ ആദ്യം ചൈനായിലേക്കുപോയി അവിടെനിന്നു ഇന്ത്യയിലേക്കു പുറപ്പെട്ടു. ഞാൻ യാത്ര ചെയ്തിരുന്ന കപ്പലിൽ വൃദ്ധനായ വേറൊരു ജപ്പാൻ കാരനുമുണ്ടായിരുന്നു. അദ്ദേഹം കച്ചവടക്കാര്യത്തിന്നായി കൊച്ചിയിലും മറ്റു ചില ഇന്ത്യൻ തുറമുഖങ്ങളിലും പോകാനായിട്ടാണു പുറപ്പെട്ടതു്. എന്റെ ഉദ്ദേശം കൽക്കത്തായിൽചെന്നു മദ്രാസിലേക്കു മടങ്ങണമെന്നായിരുന്നു. ഞങ്ങൾ കൊളമ്പിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ കൂടെ ഞാനും കൊച്ചിയിലേക്കു വന്നാൽ കൊള്ളാമെന്നു അദ്ദേഹം പറഞ്ഞു. അതിന്നുള്ള കാരണം വളരെ രസകരമായ ഒന്നാണു്. ഞങ്ങൾ പല പുസ്തകങ്ങളിലുംനിന്നു ഇന്ത്യായെപ്പറ്റി മനസ്സിലാക്കിയിട്ടുള്ളതു ഈ രാജ്യം വന്യമൃഗങ്ങളുടെയും ഭയാനകങ്ങളായ സർപ്പങ്ങളുടെയും അധിവാസസ്ഥാനമെന്നാണു്, കാട്ടുമൃഗങ്ങൾക്കു ഇരയായും വിഷം തീണ്ടിയും ആണ്ടുതോറും മരിക്കുന്നവരുടെ സംഖ്യ പത്രങ്ങളിൽ വായിച്ചിട്ടുമുണ്ടു. ഇതെല്ലാം കൊണ്ടു വൃദ്ധനായ എന്റെ കൂട്ടയാത്രക്കാരനു തനിച്ചു കൊച്ചിലേക്കു വരുവാൻ വളരെ ഭയമുണ്ടായിരുന്നു. അതുകൊണ്ടാണു അദ്ദേഹത്തിന്റെകൂടെ ഞാനും ഇങ്ങോട്ടു തിരച്ചതു. ഇന്ത്യക്കാർ അപരിഷ്കൃതന്മാരാണെന്നുള്ള ധാരണയുണ്ടായിരുന്നില്ല. രവീന്ദ്രനാഥ ടാഗോർ ജാപ്പാനിൽ സഞ്ചരിച്ചു പല സ്ഥലങ്ങളിലുംവെച്ചുചെയ്ത പ്രസംഗങ്ങൾതന്നെ അങ്ങിനെയുള്ള തെററിദ്ധാരണ വല്ലവർക്കുമുണ്ടായിരുന്നെങ്കിൽ അതു നീക്കുവാൻ പര്യാപ്തങ്ങളായിരുന്നു. ഇവിടെ വന്നതിന്റെ ശേഷം ഈ രാജ്യം നല്ല ഒന്നാണെന്നു കണ്ടതിനാൽ എന്റെ തൊഴിൽ ചെയ്തുകൊണ്ടു പല സ്ഥലങ്ങളിലും സഞ്ചരിച്ചു വരികയാണു്. ഈ നാട്ടുകാർ ജപ്പാൻകാരെപ്പോ

ലെ മതാലക്ഷ്യമുള്ളവരല്ലെന്നു താമസംവിനാ എനിക്കു മനസ്സിലായി. ഞാൻ എവിടെച്ചെന്നാലും ആരോടു സഹവസിച്ചാലും മതം മതമെന്നേ കേൾക്കാനുണ്ടായിരുന്നുള്ളു. ആദ്യം ഇതു എനിക്കു വളരെ നീരസം ജനിപ്പിച്ചു. ൧൩ കൊല്ലം മുമ്പു ഞാൻ കണ്ണൂരിൽ താമസിക്കുമ്പോൾ അവിടത്തെ ചില കന്യാസ്ത്രീകൾവന്നു മതപ്രസംഗം ചെയ്വാൻ തുടങ്ങി. എനിക്കു അവരോടു വളരെ വെറുപ്പു തോന്നി. ഒരു കന്യാസ്ത്രീ എനിക്കുവേണ്ടി പ്രാർത്ഥിക്കുമെന്നു പറഞ്ഞുപോയി. പിന്നെ കുറെ പുസ്തകങ്ങൾ വായിക്കാനായി കൊടുത്തയച്ചു. മതസംഭാഷണം കേട്ടു കേട്ടു പിന്നീടു ഞാൻ ക്രിസ്തുമതത്തെപ്പററി കുറേശ്ശെ അന്വേഷിച്ചു തുടങ്ങി ആ മതം നല്ലതാണെന്നു തോന്നി. ക്രിസ്തുവിനെപ്പററി ജപ്പാനിൽവെച്ച് ഞാൻ കേട്ടിട്ടുണ്ട്. ബുദ്ധനെപ്പോലെ ഒരു വലിയ തത്വജ്ഞനെന്നല്ലാതെ ക്രിസ്തു ദൈവമാണെന്നു വിചാരിച്ചിരുന്നില്ല. ഇങ്ങിനെയിരിക്കെ കഴിഞ്ഞ ഡിസമ്പർ മാസത്തിൽ ഞാൻ മംഗലപുരത്തു ചെന്നു താമസിക്കുമ്പോൾ എനിക്കു കഠിനമായ ജ്വരം പിടിച്ചു. ദീനം വൈഷമ്യമെന്നു കണ്ടതിനാൽ അവിടത്തെ മുൻസിപ്പാൽ ആശുപത്രിയിൽ താമസമാക്കി. സുഖപ്പെട്ടുമെന്നുള്ള ആശ കേവലം നശിച്ചു; ഞാൻ ഒരു വിദേശി; യാതൊരുത്തരും സഹായത്തിന്നില്ല. ഡോക്ടരുടെ സാമർത്ഥ്യത്തിലുള്ള വിശ്വാസം അസ്തപ്രായമായി. മരണഭയപ്പെട്ടു. ഈ വിദേശത്തിൽ കിടന്നുമരിക്കാൻ സങ്കടം തോന്നി. എൻെറ അമ്മയുടെ പക്കലേക്കു മടങ്ങിച്ചെന്നു മരിക്കാനിടയായാൽ കൊള്ളാമെന്നുണ്ട്. ആർക്കു എന്നെ സഹായിക്കാൻകഴിയും? ജപ്പാനിൽ കാമികൾ (ദേവന്മാർ) ൮൦൦-ല്പരമുണ്ടു. അവരിൽ എനിക്കു വിശ്വാസമില്ല. ഏകദൈവത്തെക്കുറിച്ചു വിചാരിച്ചു. ഞാൻ പ്രാർത്ഥിച്ചു. അപ്പോൾ 'യേശുവിനെക്കുറിച്ചുള്ള, വിചാരം എൻെറ ഹൃദയത്തിൽ ഉദിച്ചു. ഞാൻ ഹൃദയപൂർവ്വം അദ്ദേഹത്തോടു പ്രാർത്ഥിച്ചു. ചുരുക്കിപ്പറഞ്ഞാൽ എൻെറ രോഗത്തിന്നു ഉടനെ ഭേദമുണ്ടായി. പിറെറ ദിവസം ഞാൻ ഡോക്ടറിനോടു വിവരം പറഞ്ഞു. കഴിഞ്ഞ രാത്രി മുഴുവനും ഞാൻ പ്രാർത്ഥിച്ചു എന്നും എനിക്കു സുഖമുണ്ടെന്നും കേട്ടപ്പോൾ ഡോക്ടരും എന്നെ പ്രോത്സാഹിപ്പിച്ചു. അന്നാണു ക്രിസ്തുമതം അവലംബിക്കാൻ ഞാൻ തീർച്ചയാക്കിയതു്. ദീനം ഭേദമായതിൻെറ ശേഷം എറണാകുളത്തു വന്നു ഒരു ദിവസം മെത്രാപ്പോലീത്തായുടെ പക്കൽ ചെന്നു എനിക്കു ദൈവത്തെ സമീപിക്കാൻ താല്പര്യമുണ്ടെന്നു പറഞ്ഞു. അദ്ദേഹം എന്നെ മതപാഠം പഠിപ്പിക്കാൻ ഏർപ്പാടു ചെയ്തു. എനിക്കു ക്രിസ്തുമതോപദേശങ്ങൾ രസകരമായി തോന്നി.. ജ്ഞാനസ്നാനപ്പെട്ടതിൻെറ ശേഷം എനിക്കു വളരെ ഹൃദയസമാധാനമുണ്ട്. 'പ്രാൻസീസ്', എന്നു പേരു ധരിച്ചതു, ജപ്പാനിൽ ആദ്യം ക്രിസ്തുമതപ്രസംഗം ചെയ്തതു ആ വിശുദ്ധനായതുകൊണ്ടാണ്.

സ. നാ.

## നവവത്സര പ്രാർത്ഥന.

"കുഞ്ഞേ! വൻശീതളത്താൽ മൃദുലമവയവം വേപനം ചെയ്വതീക്ഷി-
ച്ചിഞ്ഞാൻ വാഴ്കില്ല"ചൊന്നിങ്ങനെ മറിയ,മെട്ടത്തുണ്ണിയെ കൈത്തലത്തിൽ
നെഞ്ഞോടൊട്ടിച്ചു ഞെക്കിത്തെരുതെരെയതിനെച്ചുംബനം ചെയ്തിരിക്കും
കുഞ്ഞമ്മേ! നിൻ കടാക്ഷം സുകൃതനിരയെനിക്കേകുമിപ്പുത്തനാണ്ടിൽ.

ഫാദർ ജോസഫ് ഏണേക്കാട്ട്.

ഭംഗ്യാരീന്ന് കഴിഞ്ഞവർഷമതുപോൽ മർത്ത്യാംബികേ! നിൻകൃപാ
ഭംഗം തെല്ലുമണഞ്ഞിടാതെ നവമാമീയാണ്ടുമെൻ ജീവിതം
തിങ്ങും പുണ്യഗണങ്ങളൊത്തു ശുഭമാക്കീടാൻ സദാമംഗളം
മങ്ങാതുള്ളവരങ്ങളേകിനിതരാമെന്നെത്തുണച്ചീടണം.

ക്രുക്ക്മററം സ്കറിയാ ഡീക്കൻ.

ഹേറോദേശിൻെറ ദുഷ്ടകരുവിനിരപെടാതുണ്ണിയാമീശനേയ-
ക്രൂരേറും കാന്തനോടൊത്തരിയദുരിതമേററന്നു കാത്തോരു നാഥേ!

നീറും വൈരം കലർന്നിട്ടലറിയണയുമാദുഷ്ടസാത്താന്റെ തന്ത്ര-
പ്പാറാവിയാണ്ടുകാണാനൊരുവനുമിടയാക്കാതെ പാലിക്കണം നീ.

ബ്രദർ മാത്യു ചേന്നാട്ടു പുത്തൻപള്ളി സെമ്മിനാരി.

പുത്തനാണ്ടീശചിത്തത്തി-
ന്നൊത്തവണ്ണം നയിക്കുവാൻ
അത്തലാകവെ നിത്യം ദൂ-
രത്തകത്തേണമംബികേ!

റവ. ജോസഫ് കല്ലങ്ങൽ, കാഞ്ഞി.

കാലാദികൾക്കവിധേയനായ സകലാധീശാത്മജൻതന്നെയും
നീലാളിപ്പവളാണ്, നിന്നെയതിനാൽ സേവിപ്പുകാലങ്ങളും
മാലാഗന്ധകളേശിടാതെ നിയതം സംപ്രാപ്തമീയബ്ദവും
വേലാതീതകൃപാഭരത്തൊടിവരെപ്പാലിക്ക ലോകേശ്വരീ!

പൊൻകുന്നം വി. ജെ. ജോസഫ്.

ഭൂലോകാംബുധിയിൽക്കിടന്നു, ജഡദുർമ്മോഹങ്ങളാകുന്നവൻ
കല്ലോലാവലിയാദിയായതുകളാലേറെക്കുഴങ്ങുന്നമാം
സ്വർല്ലോകേശ്വരി! നിൻകൃപാകരയണച്ചൻപോട്ടമീവത്സരേ
ചൊല്ലേറും സുകൃതം വളർത്തിമരുവാനമ്മേ! തുണയ്ക്കേണമേ!!

സി. ജെ. മേരീദാസൻ ആലപ്പുഴ.

എല്ലാക്കൊല്ലവുമൊന്നുപോലെ കഴിയുന്നെന്നുള്ളതല്ലാതെ ക-
ണ്ടില്ലാ ചിന്തയെനിക്ക ജീവിതപരിഷ്കാരത്തിലൊട്ടെങ്കിലും;
ചൊല്ലാളുംപടി പുത്തനാണ്ടിതുമുതൽക്കമ്മേ! സമസ്തേശ്വരി!
സോല്ലാസം നവജീവിതം ഭുവി നയിച്ചീടാൻ സഹായിക്ക നീ.

കെ. ജോൺ കൈതക്കോട്ടിൽ.

പാപപ്പേമഴപെയ്തു പാരു മുഴവൻ പാടേ പൊടിഞ്ഞിടുവോ-
രാപത്ക്കാലമകന്നു മാനുഷകുലം മേല്ലും മുദാ മേവിടാൻ
ശ്രീപത്മാംഘ്രികളുന്നി നവ്യസമയിൽ ഭൃജാതനാമേശുവെൻ
താപം തീക്കണമെന്നു നീ മറിയമേ! നേരിട്ടപേക്ഷിക്കണേ!

വി. റ്റി. തോമ്മസ് പാലാ.

വിത്തത്തിൽക്കൊതിവീരഭാവമിതുപോൽ മറ്റുള്ള ദുശ്ചേഷ്ടിതോ-
ന്മത്തപ്രൌഢിയിലാണ്ടു കഷ്ടമൊരുകൊല്ലംക്രടെ ഞാൻ പോക്കിനേൻ.
സത്യം നീതി വിവേകമീദൃശഗുണം ചേൎന്നുള്ള സത്തായ സം-
പത്തൊന്നേകിയനുഗ്രഹിക്കയിനിമേൽ മൽസ്വാംബമാൽ നീക്കിമാം.

പാലാത്ര കെ. ചെറിയാൻ.

കാരുണ്യശ്രീവിലാസത്തിനു വിളനിലമാമംബികേ! വിശ്വനാഥേ!
താരുണ്യത്തള്ളൽമൂലം ഗതസമയിലിവൻ പാപമാർജ്ജിച്ചുപോയി
ചേരും വാത്സല്യഭാരാലധികവിശദമാം നിൻമുഖം മാനസത്തിൽ
പാരംമോദേന ചേക്കുന്നളവുമമ ഭവിക്കട്ടെ തന്നാണ്ടുഭവ്യം.

കെ. തോമസു മൂലയിൽ പാലാ.

ഹർഷം പൂണ്ടു മഹേശ്വരൻ വസുധയേ രക്ഷിച്ചു ദുഃഖപ്രദാ
വർഷംതീർത്തു ശരത്തുനവ്യമരുളീയെന്നുള്ളതിന്നൊപ്പമായ്
ദോഷംനീക്കി മഹത്തരപ്രകൃതിയേ കന്യാസ്ത്രിയാം മേറിയീ
വർഷംമേയുള വാക്കിടേണമതിനായമ്മേ! നമിക്കുന്നു ഞാൻ.

സി. എം. ദേവസ്യാ, അതിരമ്പുഴ.

പാപാകാരമിയന്നിടുന്ന മനുജസ്തോമത്തിനാലംബ്ബമാം
പാപാശുദ്ധത തീണ്ടിടാതവതരിച്ചുള്ളോരു പുണ്യാലയെ!

മാപാപാകുലനായിട്ടുന്നടിയനീയാണ്ടിൻെറയാദ്യന്തമുൾ-
താപാവേശമതാകെനീക്കിസുകൃതം നേടാൻ കടാക്ഷിക്കണം.

റി. മാത്യു തിരുതാളിൽ.

കുംഭമാസം— ഓർശ്ലേം ദേവാലയത്തിൽ പരിശുദ്ധ ദൈവജനനി ലോകരക്ഷകനെ ശെമഓൻ ദീർഘദർശി വഴിയായി നിത്യപിതാവിന്നു കാഴ്ചവെക്കുന്ന ആ അവസരത്തെക്കുറിച്ചുള്ള ഒരു വർണ്ണന.

# കർമ്മെലനായികാസ്തവം.

കേണീടുന്ന നരാവലിക്കു തണലായി "കർമ്മെലാഭി"ഖ്യമാം
ക്ഷോണീഭൃത്തിലുദിച്ച കല്പലതയായ് ശോഭിക്കുമീശാംബികേ
താണീടാത്ത കൃപാഫലങ്ങളരുളും നിൻപത്തിലമ്പോത്തിതാ
വീണീദാസനിരന്നിടുന്നു; കരുണാസാകം കടാക്ഷിക്കണേ. 1.
ഭൂലോകത്തിനു നാഥയാണു, സുർലോകത്തിന്നു നീ രാജ്ഞിയാ-
മൂലോകത്തിനധീശനോക്കിലവിടേയ്ക്കുമ്പുള്ളതാതൻപരൻ
മാലോകക്കവലംബമായ സുതനാമീശൻ നിനക്കാത്മജൻ
ഹാ! ലോകേശ്വരി നിൻെറ ദാസനിവനിന്നെന്തുള്ള സാധിക്കുവാൻ? 2.
പാപക്കൂരിരുളിൽക്കുടുങ്ങി വലയും മർത്ത്യർക്കു മാർഗ്ഗം തെളി-
ച്ചാപത്താററുവതിന്നു ദൈവസുതനാമീശന്നു മാതാവുമായ്
നീ പണ്ടേ പരനാൽ നിയുക്ത; യതിനാൽ മാഹാത്മ്യമേറ്റം ഭവൽ
ശ്രീപത്തിൽപ്പണിയുന്നു ഞാൻ, കരുണയോടെന്നെക്കടാക്ഷിക്കണം. 3.
നിമ്പത്തിൽപ്പണിയുന്ന പാപികളെയും കാരുണ്യമാർന്നുള്ള നീ-
യിമ്പത്തോടു തുണയ്ക്കുമെന്നതു ജഗത്തെങ്ങും പ്രസിദ്ധം പരം
സമ്പത്സന്തതിയും സമസ്ത സുഖവും സമ്പ്രാപ്തമായീടുമുൾ-
ക്കമ്പം വിട്ടതിനാൽ ഭവൽപദയുഗം ഭക്ത്യാ ഭജിക്കുന്നു ഞാൻ. 4.
എന്നാളും നരരെക്കൊടോരദുരിതക്കുണ്ടിൽപ്പതിപ്പിക്കുവാൻ
നന്നായ് ജോലികളാർന്നിടുന്നൊരു പിശാചുക്കൾ പത്തുക്കൾസ്സമം
നിന്നാമാക്ഷരമന്ത്രശക്തിയതിനാൽ പേടിച്ചരണ്ടോടിയ-
ത്തന്നാവാസതലത്തിലെത്തി മറയുന്നെന്നുള്ളതാശ്ചര്യമോ? 5.
കാലൻ വന്നുടലാക്രമിച്ചു കയറാൽ ബാധം വരിഞ്ഞിട്ടിടും-
കാലത്തമ്പൊടു നിൻെറ നാമമുരചെയ്യാലേതു പാപിക്കുമേ
ആലസ്യം കലരാതെ നിൻെറ സുതനോടൊന്നിച്ചു നന്നിച്ചവൻ-
മാലപ്പാടു കളഞ്ഞു സൽഗതി കൊടുത്തീടുന്നു കേടെന്നിയേ. 6.
നിത്യം കന്യക തന്നെയാണു; സുതനെക്കൈത്താരിലേന്തുന്നു നീ
സ്തുത്യം നിന്നുടെ ചിത്രവൃത്തമതുലം തായേ! ജഗന്നായികേ!
മർത്ത്യർക്കാർത്തി ഹരിപ്പതിന്നു നിയതം സന്നദ്ധയാകും ഭവൽ-
കൃത്യം ചിത്തമതിങ്കലോർത്തു തവ തൃപ്പത്തിൽ പതിക്കുന്നു ഞാൻ. 7.
നീ കന്യാമണി, പെററതൊക്കിലജനെ; ബ്ഭർത്താവു സന്യാസി മൂ-
ലോകത്തിന്നധിനാഥയായ ഭവതിയ്ക്കില്ലീററില്ലമായ് ഗോഷ്ഠവും
ലോകക്കാശ്രയമാം നിനക്കു തുണയായ് പാവങ്ങളപ്പയ്യുള-
ങ്ങാകപ്പാർക്കുകിലായതൊക്കെ മനുജർക്കജ്ഞാത തത്വങ്ങൾ താൻ. 8.

പൊൻകുന്നം വി. ജെ. ജോസഫ്.

# ചോദ്യപ്പെട്ടി.

"കത്തോലിക്കാ സഭയ്ക്കു പുറമേ രക്ഷയില്ല" എന്ന ഉപദേശത്തിന്റെ അത്ഥം എന്ത്? അതു സ്വീകാൎയ്യമോ?

ഉ- ഉപവിയുടെയും വരപ്രസാദത്തിന്റെയും ബന്ധത്താൽ കത്തോലിക്കാ സഭയോടു യോജിച്ചിരിക്കാത്തവർ രക്ഷ പ്രാപിക്കയില്ലെന്നത്രെ ഇതിന്റെ അത്ഥം. ദൈവം എല്ലാവരുടെയും രക്ഷയെ ആഗ്രഹിക്കുന്നതിനാൽ, അറിവോടും മനസ്സമ്മതത്തോടുംകൂടെ ദൈവപ്രമാണത്തെ ലംഘിച്ചു ദൈവദ്രോഹികളായിരിക്കുന്നവർ മാത്രമേ നിത്യശിക്ഷയിൽ ഉൾപ്പെടുകയൊള്ളു. ദൈവപ്രമാണങ്ങളിൽ ഏററവും പ്രധാനപ്പെട്ടതും നിത്യശിക്ഷയിൻകീഴ കല്പിക്കപ്പെട്ടിരിക്കുന്നതുമായ ഒന്നാണു സകല മനുഷ്യരും മിശിഹാ സ്ഥാപിച്ച സഭയിൽ പ്രവേശിക്കണമെന്നതു്: "സമസ്തസൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കു. വിശ്വസിച്ചു മാമ്മോദീസാ സ്വീകരിക്കുന്നവർ രക്ഷ പ്രാപിക്കും. വിശ്വസിക്കാത്തവർ ശിക്ഷക്കു വിധിക്കപ്പെടും" (Mrk. 16. 15.) "നിങ്ങൾ പോയി ഞാൻ നിങ്ങളോടു പ്രമാണിച്ചവയെ അനുസരിക്കുന്നതിനു സകല ജാതികളേയും പഠിപ്പിപ്പിൻ" (Mth. 28. 19. 20.) മ്ശിഹായുടെ ഉപദേശങ്ങളെ സ്വീകരിക്കാത്തവർ— മിശിഹായുടെ സഭയിൽ പ്രവേശിക്കാത്തവർ— ദൈവകല്പന ലംഘിക്കുന്നു. അവക്കു രക്ഷയും ഇല്ല. ഈ തത്വം പൂർവക്രിസ്തീയ സഭയിൽ വളരെ സ്പഷ്ടമായി ഉപദേശിക്കപ്പെട്ടിരുന്നു. അപ്പസ്തോലശിഷ്യനായ വി. ഈനാസ്യോസും, രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന വി. ഇരനേയോസും രക്ഷക്കു മിശിഹായുടെ സഭയോടുള്ള യോജിപ്പു അവശ്യമെന്നു എഴുതിയിരിക്കുന്നു. മൂന്നാംശതകത്തിൽ ശോഭിച്ച ഒരിജേൻ പറയുന്നു. "യാതൊരുവനും തന്നെത്തന്നെ ചതിക്കേണ്ട. സഭയ്ക്കു പുറത്തു യാതൊരുവനും രക്ഷപ്രാപിക്കയില്ലാ." (Homil III in Josue) അതേശതകത്തിൽ ജീവിച്ചിരുന്ന വി. ചിപ്രിയാനോസു ഇപ്രകാരം എഴുതിയിരിക്കുന്നു. "ആക്കു സഭമാതാവല്ലയോ അവനു ദൈവം പിതാവുമല്ല" (De Unit Eccl n. 5.) ൪-ാം ശതകത്തിൽ പ്രകാശിച്ച വി. അഗുസ്തീനോസു പഠിപ്പിക്കുന്നു. "സഭക്കു പുറമേ രക്ഷയില്ല. ആർ ഇതിനെ നിഷേധിക്കുന്നു? ആകയാൽ സഭയ്ക്കു പുറമേ നിന്നുകൊണ്ടു സഭയുടെ ഏതുസംഗതികൾ സ്വീകരിച്ചാലും രക്ഷക്കുപകരിക്കയില്ല. (De Bapt. t. 5. c. 17.) ആകയാൽ കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനുള്ള ദൈവകല്പനയെ അറിഞ്ഞ ശേഷം കുററകരമായി ഈ കല്പനയെ നിറവേററാത്തവർ രക്ഷ പ്രാപിക്കയില്ല. സത്യസഭ ഏതെന്നു അറിഞ്ഞിട്ടില്ലാത്തവർ സത്യസഭയെ അന്വേഷിക്കുന്നതിനും കണ്ടെത്തുമ്പോൾ അതിൽ പ്രവേശിക്കുന്നതിനും നിർബന്ധിതരാകുന്നു. എന്നാൽ സത്യസഭ അഥവാ സത്യവേദം ഏതു എന്നു സംശയിക്കുന്ന മനുഷ്യൻ, അഥവാ ഈ സംഗതികളെപ്പററി അറിഞ്ഞിട്ടില്ലാത്തവൻ, ദൈവപ്രമാണങ്ങളെയെല്ലാം അനുസരിക്കുന്നതിനു മനസ്സായിരിക്കയും, തന്റെ അറിവിൽ അടങ്ങിയിരിക്കുന്നവയെ മനസ്സാക്ഷിക്കു യോജിക്കുന്ന വിധത്തിൽ നിറവേററുകയും, ഇനിയും കൂടുതൽ ദൈവാജ്ഞകളെപ്പററി അറിയുന്നതായാൽ അവയെ കാക്കുന്നതിനു നിശ്ചയിക്കയും ചെയ്യുമെങ്കിൽ, അയാൾ ദൈവപ്രമാണങ്ങളെ കാക്കുന്നതിനാൽ— ദൈവപ്രസാദം അയാളിൽ ഉള്ളതിനാൽ— അയാൾ കത്തോലിക്കാസഭയുടെ ആത്മീയഭാഗമായ ദൈവപ്രസാദവും ഉപവിയും ഉള്ള മനുഷ്യരുടെഗണത്തിൽ ചേന്നിരിക്കുന്നു. ആകയാൽകത്തോലിക്കാസഭയിൽതന്നെയെന്നു പറയണം. (ഇങ്ങനെയുള്ളവർ കത്തോലിക്കാസഭയുടെ ശാരീരികഭാഗത്തിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽവി.കൂദാശകൾമുതലായപലേ ദൈവദാനങ്ങളുംസഹായങ്ങളുംഇവക്കു നഷ്ടപ്പെടുന്നുവെന്നതു തീർച്ചതന്നെ.) കത്തോലിക്കാസഭയെപ്പററി വേണ്ടവിധത്തിൽ അറിഞ്ഞശേഷം അതിൽ പ്രവേശിക്കാത്തവർ ദൈവപ്രമാണത്തെ ലംഘിക്കയും, ദൈവപ്രസാദത്തെ നഷ്ടമാക്കയും ചെയ്യുന്നതിനാൽ അവർ കത്തോലിക്കാസഭയുടെ ആത്മീയഭാഗത്തിൽ ഉൾപ്പെടുന്നില്ല.

# തിരുഹൃദയഭക്തന്മാർ ൧൲൱൧ മകരമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"കത്തോലിക്ക രാജ്യങ്ങളെ പ്രോട്ടസ്റ്റൻറു മതപ്രചാരത്തിൽ നിന്നും സംരക്ഷിക്കുക"

ലോകരക്ഷകനായ ദൈവപുത്രൻ സ്ഥാപിച്ച ഏകവും അപ്പസ്തോലികവും പരിശുദ്ധവുമായ കത്തോലിക്കാ സഭയിൽ നിന്നു നരകസർപ്പത്തിൻെറ തന്ത്രംമൂലമായിട്ടു ആരംഭകാലം മുതൽക്കുതന്നെ ഓരോ കൂട്ടർ ഭിന്നിച്ചുപോകുന്നുണ്ടു്. അവരുടെ പേരുകൊണ്ടുതന്നെ അവർ ഏതുതരക്കാരാണെന്നു പലപ്പോഴും നിർണ്ണയിക്കാം. നെസ്തോറിയൂസ് എന്നൊരുവൻെറ അബദ്ധപഠനങ്ങളെ പിഞ്ചെന്നു കുറേപ്പേരു പുറപ്പെട്ടു; അവക്കു നെസ്തോറിയൻകാരെന്നു പേരായി. യാക്കോബിനെ അനുഗമിച്ചുകൊണ്ടു ഏതാനുംപേർ ഇറങ്ങിത്തിരിച്ചു; അവർ യാക്കോബായക്കാർ എന്ന പേരിനാൽ അറിയപ്പെടുകയായി. പഴയ വിശ്വാസസംപ്രദായത്തിൽ നിന്നു വിട്ടകന്ന ഒരു കൂട്ടരുണ്ടായി; അവക്കു നാമധേയം പുത്തൻകൂറുകാർ എന്നായിത്തീന്നു. ഇപ്രകാരമുള്ള പലവകക്കാരിൽപെട്ട ഒരു തരക്കാരാണു പ്രോട്ടസ്റ്റൻറുകാരും എന്നുള്ളതു അവരുടെ അഭിധാനത്തിൽനിന്നുതന്നെ സിദ്ധമാകുന്നു. പ്രോട്ടസ്റ്റ് ചെയ്ക, അഥവാ മറുതലിക്കുക, എന്നുള്ളതിൽ നിന്നു പ്രോട്ടസ്റ്റൻറുകാർ എന്നുള്ള നാമം ഉണ്ടായി എന്നു സമ്മതിക്കുന്നതിനു അവക്കു ഇപ്പോൾ കുറെ വൈമുഖ്യം തോന്നിയേക്കാമെങ്കിലും ഇനി അതു മാറ്റപ്പെടുവാൻ തരമില്ലാത്തതിനാൽ, സത്യസഭയ്ക്കെതിരായിട്ടുള്ള ഒരു മറുതലസംഘമായിട്ടു എന്നേക്കും ഇക്കൂട്ടർ അറിയപ്പെടുകയല്ലാതെ ഗത്യന്തരമില്ല.

പതിനാറാംശതാബ്ദത്തിൽ മുളച്ച ഈ പ്രതിഷേധകക്ഷിയുടെ ആരംഭചരിത്രങ്ങൾ ഇപ്പോൾ ഇവിടെ പറഞ്ഞറിയിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ലുത്തർ, ഹെൻറി എട്ടാമൻ, എന്നിവർ മതപരിവർത്തനത്തിനായി ഇറങ്ങിപ്പുറപ്പെട്ട സാഹചര്യങ്ങളും മറ്റും ഏവക്കും അറിയാവുന്നതാണല്ലൊ. "Pecca fortiter Crede firmiter" ധൈര്യമായി പാപം ചെയ്തുകൊൾക; സ്ഥൈര്യമായി വിശ്വസിച്ചുകൊണ്ടാൽ മാത്രം മതി. എന്നിത്യാദി തത്വശകലങ്ങൾ ദുർമ്മാർഗ്ഗനിമഗ്നമായ ലോകത്തെ പ്രോട്ടസ്റ്റൻറു മതത്തിലേക്കു ശക്തിയായി ആകർഷിച്ചതിൽ എന്താണതിശയം? വിസ്താരമേറിയ ആ നരകപാതയിൽക്കൂടി ആളുകൾ പാഞ്ഞുകയറി. പക്ഷെ സത്യത്തിൽ നിന്നു നില തെറ്റിയാൽ പിന്നെ സമാധാനം കണ്ടെത്തുന്നതല്ലല്ലൊ. അതിനാൽ മറുതലക്കാരിൽ വേർപിരിവിൻെറ നാൾ മുതൽ ഭിന്നിതങ്ങൾ ഒന്നിനൊന്നു വദ്ധിച്ചു. ലുത്തറിൻെറ കാലത്തുതന്നെ അന്യോന്യവിരുദ്ധങ്ങളായ ഇരുനൂറോളം കക്ഷികൾ പ്രത്യക്ഷപ്പെട്ടു. ഇപ്പോൾ അറുനൂറിൽപരം പ്രധാനപ്പെട്ട അവാന്തര വിഭാഗങ്ങൾ പ്രോട്ടസ്റ്റൻറു സഭയിൽ എണ്ണാനുണ്ടു്. ഇതാണു പ്രോട്ടസ്റ്റൻറുമതം.

സ്വാതന്ത്ര്യപ്രിയംനിമിത്തം, വിശ്വാസം ക്ഷയിച്ചുവരുന്ന പല കത്തോലിക്ക രാജ്യങ്ങളിലും ഇപ്പോൾ പ്രോട്ടസ്റ്റൻറു മതത്തിനു കൂടുതൽ പ്രവേശം സിദ്ധിച്ചുവരുന്നതായിക്കാണുന്നുണ്ടു്. പ്രസ്തുത മതത്തിനുള്ള ഗവമ്മെണ്ടാനുകൂല്യം എന്നിത്യാദി സൌകര്യങ്ങളും അതിൻെറ പ്രചാരത്തിനു വളരെ ഉപകരിക്കുന്നുണ്ടെന്നു പറയേണ്ടതില്ലല്ലൊ. നമ്മുടെ കേരളത്തിൽ തന്നെ ഇക്കൂട്ടർ പ്രവേശിച്ചിട്ടു ഇനിയും അധികകാലമായിട്ടില്ല. എങ്കിലും മേല്പറഞ്ഞ വിധത്തിലുള്ള ആനുകൂല്യങ്ങൾ ഹേതുവായിട്ടു അവിടവിടെ അവർ ചുവടുറപ്പിച്ചു വരികയാണ്. യാക്കോബായസഭയിൽ ഭിന്നിതങ്ങൾ വദ്ധിക്കയിൽ പലരും അങ്ങോട്ടേയ്ക്കു തിരിച്ചുകാണുന്നു. ഇപ്രകാരമുള്ള അവരുടെ ഈ പ്രചാരംമൂലം സത്യസഭയ്ക്കു ഹാനി ഭവിക്കാതിരിപ്പാൻ വേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ താല്പര്യമായി പ്രാത്ഥിക്കണം.

കുംഭമാസം—

"വിദ്യാലയങ്ങളിൽ ദൈവപാഠം."

# പുസ്തകാഭിപ്രായം.

## ൧. "മ്ശിഹൈക്യസ്വഭാവഗ്രന്ഥവിമർശനം."

കൊല്ലം രൂപതയിലുള്ള പുത്തൻകൂററു സുറിയാനിക്രിസ്ത്യാനികളുടെ മാനസാന്തരത്തിനായി ശ്രമിച്ചുവരുന്ന ഒരു ദേഹമാണ് റവ: ഫാദർ ലോറൻസ് പെറെയിരാ. യാക്കോബായ മതസിദ്ധാന്തങ്ങളെപ്പററിയുള്ള അദ്ദേഹത്തിൻെറ അന്വേഷണമദ്ധ്യേ "മ്ശിഹൈക്യസ്വഭാവം" എന്നൊരു ഭാഷാന്തരകൃതി അദ്ദേഹത്തിൻെറ കൈകളിൽ എത്തുപെട്ടു. സത്യമായ ദൈവവും സത്യമായ മാനുഷനുമായ മ്ശിഹായിക്കു ദൈവസ്വഭാവം മനുഷ്യസ്വഭാവം എന്നിങ്ങനെ രണ്ടുസ്വഭാവങ്ങൾ ഉണ്ടെന്നാണല്ലൊ കത്തോലിക്കവിശ്വാസം. അതിനു എതിരായിട്ടുള്ള ഏകസ്വഭാവ വാദികളുടെ സിദ്ധാന്ത സംഗ്രഹമായ പ്രസ്തുതപാഷണ്ഡ കൃതിയെ ഖണ്ഡിച്ചു ഒരു പ്രത്യാഖ്യാനരൂപേണ ഫാദർ ലോറൻസ് അവർകൾ എഴുതിയിട്ടുള്ള ഒരു ചെറിയ പ്രബന്ധമാണ് "മ്ശിഹൈക്യ സ്വഭാവ ഗ്രന്ഥ വിമർശനം" നാലദ്ധ്യായങ്ങളിലായി ൭൦ പക്കമുള്ള ഈ കൃതി വാങ്ങി വായിച്ചാൽ സത്യ വിശ്വാസത്തിൻെറ അസ്ഥിവാരമായ ഈ സംഗതി സംബന്ധിച്ച് നമ്മുടെ യാക്കോബായ സഹോദരങ്ങൾക്കുള്ള പല തെററിദ്ധാരണകളും നീങ്ങുന്നതിനു ഉപകരിക്കാതിരിക്കയില്ല. ൩ അണ വിലയ്ക്കു ഈ പുസ്തകം ഗ്രന്ഥകർത്താവിൽ നിന്നു വാങ്ങിക്കാവുന്നതാണ്. മേൽവിലാസം

റവ. എൽ. പെറെയിര

പള്ളിക്കൽ, കായംകുളം‌വഴി.

## ൨. "കേരളീയകത്തോലിക്കവിദ്യാർത്ഥി".

ലക്കം 1.

ശ്രീമാൻ സി. ജെ. വക്കി എം. ഏ. (ഓണേഴ്സ്) അവർകളെപ്പററി വല്ല വിധത്തിലെങ്കിലും കേട്ടിട്ടില്ലാത്തവരായി അധികം പേർ കേരളീയ ക്രിസ്ത്യാനികളുടെ ഇടയിൽ ഇന്നു കാണുമെന്നു തോന്നുന്നില്ല. തൃശ്ശൂർ മിസ്സത്തിലുള്ള ഒരു സുറിയാനി കുടുംബത്തിൽ പെട്ട ഇദ്ദേഹം ഉന്നത വിദ്യാഭ്യാസം കഴിച്ചതു് തൃശ്ശിനാപ്പള്ളി സെൻറു ജോസഫ്സ് കോളേജിലാണ്. അനന്തരം ഇപ്പോൾ മംഗലാപുരം സെൻറു അലോഷ്യസ് കോളേജിൽ ചരിത്ര പണ്ഡിതനായി ജോലി നോക്കിവരുന്നു. ഉന്നതസ്ഥാന പ്രാപ്തരായ സമുദായാംഗങ്ങൾ എവിടെയായിരുന്നാലും സ്വ സമുദായോന്നമനത്തിനായിട്ടുകൂടെ യഥാവസരം പരിശ്രമിക്കേണ്ടു ഒരു ചുമതല ഒഴിച്ചുകൂടാത്തതായി അവർക്കുണ്ടെന്നു വേണ്ടപോലെ മനസ്സിലാക്കിയിട്ടുള്ള ചുരുക്കം ചില സമുദായ പ്രമാണികളിൽ ഒരുവനാണു മിസ്ററർ വക്കിയെന്നു പ്രസ്താവിക്കുന്നതിൽ ഞങ്ങൾ അശേഷം മടിക്കുന്നില്ല. ഏതദ്വിഷയകമായുള്ള അദ്ദേഹത്തിൻെറ നാനാമുഖ ശ്രമങ്ങളുടെ വിവിധ ഫലങ്ങളിൽ ഒന്നാണ് മേൽ കാണിച്ച പേരിൽ പുറത്തു വന്നിരിക്കുന്ന ഇംഗ്ലീഷ് പ്രസിദ്ധീകരണം. ൧൯൧൩ മുതൽ ആരംഭിച്ചു നടന്നു വരുന്ന കേരളീയ കത്തോലിക്കാ വിദ്യാർത്ഥി സംഘം വകയായി ഇതേവരെ ഉണ്ടായിട്ടുള്ള നാലു സമ്മേളനങ്ങളുടെ വിവരണവും, സംഘ നിയമങ്ങളും കൂടാതെ മൂന്നാം സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ച പരേതനായ നി. വ. ദിവ്യശ്രീ മാർ ളൂയീസു മെത്രാനച്ചൻ തിരുമനസ്സിലേയും, തൃശ്ശൂർ സമ്മേളനത്തിൽ സംബന്ധിച്ചിരുന്ന വിദ്യാർത്ഥികളുടേയും ഇങ്ങനെ രണ്ടു ഛായാപടങ്ങളും ഇതിൽ ചേർത്തിട്ടുണ്ട്. നമ്മുടെ വിദ്യാർത്ഥികളുടെ ഇടയിൽ ഒരു പുതിയ ജീവനും, സാമുദായിക ബോധവും ഐകമത്യവും ഉളവാക്കുന്നതിനു ഇപ്രകാരമുള്ള ശ്രമങ്ങൾ സർവ്വഥാ പര്യാപ്തങ്ങളാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. മിസ്ററർ വക്കിയുടെ ഈവിധ പരിശ്രമങ്ങളെ ഞങ്ങൾ നിർവ്യാജമായി അഭിനന്ദിക്കുന്നു.

---

## ഗൃഹ സംഭവം.

അതിരമ്പുഴപ്പള്ളി ഇടവക കടിലിൽ ദേവസ്യാ ഏലിമകൾ അന്ന വിഷമജ്വരത്താൽ ഈ മാസം ൧൯-ാംനു കാലത്തു ൧൭-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു എന്നുള്ള പരിതാപവാർത്ത വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. പ്രകൃത്യാ ഗുണവതിയും തൻെറമാതാപിതാക്കന്മാരുടെ ഏകപുത്രിയും ഏഴു സഹോദരന്മാരുടെ ഇളയ വാത്സല്യസഹോദരിയുമായ ഈ യുവതിയെ വിവാഹം ചെയ്തു കൊടുത്തിരുന്നതു്, സ്ഥലത്തെ ഒരു പുരാതന ശ്രേഷ്ഠകുടുംബത്തിലാണ്. ഇവരുടെ ആത്മാനുകൂല്യാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

# കുറിപ്പുകളും വർത്തമാനങ്ങളും.

അത്യുന്നത ഡലഗാദപ്പൊസ്തോലിക്കാതിരുമനസ്സിലെ ആശിസ്സ് ‘കുസുമ’ത്തിനു ഏത്രയും മംഗളകാരണമായിപ്പരിണമിച്ചിട്ടുണ്ടെന്നുള്ള സന്തോഷവർത്തമാനംതന്നേ ഈ നവവത്സരത്തിൽ ആദ്യമായി അറിയിച്ചുകൊള്ളട്ടെ! അഞ്ഞൂറോളം കാർഡുകൾമാത്രമേ കഴിഞ്ഞമാസത്തെ മാസികയോടുകൂടി അടിച്ചയക്കുന്നതിന്നു സാധിച്ചൊള്ളു. അവ ഏറിയപങ്കും തിരിച്ചെത്തിയിട്ടുണ്ടെന്നുള്ളതു് അത്യന്തം ചാരിതാർത്ഥ്യജനകംതന്നെ. എന്നല്ല, മറ്റു നാനാപ്രകാരത്തിലും ‘കുസുമ’ത്തെ പ്രചരിപ്പിക്കുന്നതിലേക്കു ബദ്ധശ്രദ്ധന്മാരായിരിക്കുന്ന പലേ മാന്യസഹായികളെ ഇക്കഴിഞ്ഞ മാസത്തിൽ ഞങ്ങൾക്കു സിദ്ധിച്ചിട്ടുണ്ട്. ഇപ്രകാരം ഒത്തുചേർന്നു ശ്രമിക്കയാണെങ്കിൽ, ഡലഗാദപ്പൊസ്തോലിക്കാതിരുമനസ്സിലെ അഭിലാഷാനുസരണം, കേരളത്തിലെ എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും ‘കുസുമ’ത്തിനു പ്രവേശം സിദ്ധിച്ചതായറിവാൻ അചിരേണ നമുക്കു ഇടയാകുന്നതാണ്.

* * *

വരിക്കാർ വർദ്ധിക്കുംതോറും അഞ്ചൽക്കാരെക്കുറിച്ചു ഞങ്ങൾക്കുള്ള ഭയം അധികരിച്ചുവരികയാണു ചെയ്യുന്നതു്. ശേഷംപേരുടെ ശ്രമങ്ങളെല്ലാം വിഫലീഭവിപ്പിക്കുന്നതിനു അവരെക്കൊണ്ടു സാധിക്കും. ചങ്ങനാശേരിയിൽനിന്നും ഒരു മാന്യൻ കുറുമ്പനാടത്തുകാരായ കുറേപ്പേർക്കു വി. പി. ആയി മാസിക അയച്ചുകൊടുക്കുന്നതിന്നു ഞങ്ങൾക്കെഴുതി. “മേ. വി. (മേൽവിലാസക്കാരൻ) ആവശ്യമില്ലെന്നു പറയുന്നു” എന്നുള്ള സർട്ടിഫിക്കേറ്റുംവാങ്ങി മാസികകളെല്ലാം തിരികെ എത്തി. മാസിക ഇതേവരെ അയച്ചുകൊടുത്തിട്ടില്ലെന്നു പുതിയ വരിക്കാർ സങ്കടം പറയുന്നതായി ഞങ്ങളുടെ സ്നേഹിതന്റെ എഴുത്തും പുറകേതന്നെ കിട്ടി. അതേപ്പറ്റി ഉടനെ അന്വേഷണങ്ങൾ നടത്തിച്ചതിന്റെ ഫലമായി അഞ്ചൽപ്യൂൺ പ്രസ്തുത മാന്യനു എഴുതിസമർപ്പിച്ച ഒരു ക്ഷമായാചനത്തിന്റെ ശരിപകർപ്പാണു താഴെ ചേർക്കുന്നതു്.

കുറുമ്പനാടം ചിലവുസാധനക്കാരനായ അഞ്ചൽശിപായി മുതലപ്പള്ളിൽ ഗോപാലപിള്ള അപേക്ഷിക്കുന്ന ക്ഷമായാചനം.

എന്നെ ൯൬ ചിങ്ങം ൧൦-ാം തീയതി കുറുമ്പനാടം ചിലവുസാധനക്കാരനായി നിശ്ചയിച്ചതുമുതൽ ഇന്നേവരെ എന്റെ ജോലി ഞാൻ ശരിയായി നടത്തിയിട്ടുണ്ടെന്നു മനസ്സാക്ഷിയിൽ എനിക്കു സമ്മതിക്കാൻ നിവൃത്തിയില്ല. എന്നാൽ മേലാൽ അപ്രകാരം വരാതെ സൂക്ഷിച്ചുകൊള്ളാമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു. കഴിഞ്ഞമാസത്തിൽ ചാണ്ടപ്പിള്ള ജോസഫ് കാപ്പിൽപീടിക കുറുമ്പനാടം, ചങ്ങനാശേരി എന്ന മേൽവിലാസത്തിലും ചിറയിൽ ചാക്കോ, മാടപ്പള്ളി ചങ്ങനാശേരി എന്നമേൽവിലാസത്തിലും ചൊറിയക്കാവുങ്കലായ എത്തപ്പുറാട്ടു ചാക്കോ കുറുമ്പനാടം ചങ്ങനാശേരി എന്ന മേൽവിലാസത്തിലും വന്നിരുന്ന മൂന്നു വി. പി ഞാൻ വ്യാജമായി മടക്കുകയും കാര്യം പ്രസ്തുത വി. പി. ഉടമസ്ഥന്മാരുടെ പേരു ‘കർമ്മലകുസുമ’ത്തിന്റെ മാനേജക്ക് എഴുതിഅയച്ചിരുന്ന തോമ്മസു ഗ്രഹിച്ചതിൽ ഞാൻ സത്യത്തെ മറയ്ക്കുകയും ചെയ്തുപോയിട്ടുള്ളതാണ്. എങ്കിലും മേലാൽ ഈവിധമായ കുഴപ്പങ്ങൾ നേരിടാതെ സൂക്ഷ്മത്തോടും കൃത്യനിഷ്ഠയോടുംകൂടി ഉരുപ്പടികൾ കൊടുത്തു കൊള്ളാമെന്നു നിങ്ങളോടു ഞാൻ വാഗ്ദാനംചെയ്യുകയും ഈ പ്രാവശ്യത്തേയ്ക്കു ക്ഷമിക്കണമെന്ന് അപേക്ഷിക്കയും ചെയ്യുന്നു.

* * *

വേറെതരത്തിലുള്ള നേരമ്പോക്കുകളും നടക്കുന്നുണ്ട്. കഴിഞ്ഞ ഒരു ലക്കം മാസിക പത്താംതീയതിയുടെ ശേഷമാണു ഞങ്ങളുടെ ഒരു വരിക്കാരനു കിട്ടിയതു്. ഇത്ര താമസിച്ചതിനുള്ള കാരണം എന്താണെന്നു ചോദിച്ചപ്പോൾ പറഞ്ഞ സമാധാനം വളരെ രസകരമായിരുന്നു. ‘ആദ്യം അടിച്ച മാസികകളെല്ലാം ഈമാസത്തിൽ ഉടനെതന്നെ ചെലവായിപ്പോയി. അതിനാൽ വീണ്ടും അടിക്കേണ്ടിവന്നു. അതിൽനിന്നാണ് അച്ചനുള്ളതു അയച്ചിരിക്കുന്നതു്’. ടി. അച്ചൻതന്നെ താമസിയാതെ കുസുമം ആപ്പീസിൽ വന്നപ്പോൾ യാദൃച്ഛികമായി ഈ നേരംപോക്കു പുറത്തായില്ലെങ്കിൽ എന്നേയ്ക്കും അതു അറിയപ്പെടാതെ കിടന്നു പോയേനെ.

ഈ തരത്തിലുള്ള രണ്ടാംപതിപ്പ കിട്ടുന്നവർ ഇനി എത്രയുണ്ടോ ആക്കറിയാം!

*   *   *

അതിനാൽ സമീപസ്ഥന്മാരുടെ മാസികകൾ സ്വന്ത മേൽവിലാസത്തിൽ വാങ്ങിക്കൊടുക്കയെന്നതു 'കുസുമ'ത്തിന്ന് അത്യാവശ്യപ്പെട്ട ഒരു സഹായംതന്നെയായിരിക്കുന്നു. പലരും ഇക്കാര്യത്തിൽ ഞങ്ങളെ സഹായിക്കുന്നതിന്നു ഏററിട്ടുണ്ട്. അവരോടു പ്രത്യേകിച്ചു നന്ദി പറഞ്ഞുകൊള്ളുന്നു. ഓരോ സ്ഥലത്തെ വരിക്കാരുടെ ഒരു ലിസ്റ്റ് തയ്യാറാക്കിവരുന്നതു പൂർത്തിയായിട്ടില്ലാത്തതിനാൽ ആവശ്യപ്പെട്ടവരിൽ ചിലക്കു ഇത്തവണ അയച്ചുകൊടുപ്പാൻ സാധിക്കാതെ വന്നിട്ടുണ്ട്.

*   *   *

വി. പി. മടങ്ങി ഞങ്ങളെ ക്ലേശിപ്പിച്ചിട്ടുള്ള മിക്കവരുംതന്നെ പണം മണിയോരഡറായി അയച്ചുതന്നു ഞങ്ങളെ പ്രോത്സാഹിപ്പിച്ചിരിക്കുന്ന സംഗതിയും സന്തോഷസമേതം പ്രസ്താവിച്ചുകൊള്ളുന്നു. ഇനി ശേഷിച്ചിട്ടുള്ളവരും ഈ നിസ്സാരസംഗതിക്കുവേണ്ടി കൂടുതൽ എഴുത്തുകുത്തുകൾക്കിടവരുത്തി ഞങ്ങളെ ബുദ്ധിമുട്ടിക്കയില്ലെന്നു വിശ്വസിക്കുന്നു. മുന്നറിവു കൊടുത്തശേഷമേ വി. പി. അയക്കുന്നുള്ളൂ. തൽക്കാലം വല്ല അസൗകര്യവുമുണ്ടെങ്കിൽ ഒരു കാർഡ് എഴുതി അയച്ചാൽ കുറേനാളത്തേക്കുകൂടെ അവധിനീട്ടാൻ പാടില്ലാത്തതല്ല. അതൊന്നും ചെയ്യാതെ വി. പി. മടങ്ങി വൃഥായുള്ള നഷ്ടങ്ങൾക്കിടയാക്കുന്ന സമ്പ്രദായം ഇനിയെങ്കിലും നിറുത്തൽചെയ്തു കാണ്മാൻ ആഗ്രഹിക്കുന്നു.

## മനോഗുണ വിവരങ്ങൾ.

ചെങ്ങളത്തേ വി. അന്തോനീസിന്റെ സഹായത്താൽ എന്റെ ബന്ധുക്കളുടെ ഒരു അന്തഃഛിദ്രം നീങ്ങിയിരിക്കുന്നു.

എം. സി. പുന്നത്തുറ.

മൂന്നുവയസ്സായ എന്റെ പെൺകുട്ടിക്കു ന്യൂമോണിയാപനി വളരെ അധികരിച്ചിരുന്ന സമയം ചെങ്ങളം മാർ അന്തോനീസിന്റെ സഹായം അപേക്ഷിക്കയും, വിവരം കുസുമത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ നേരുകയും ചെയ്തു. അതിശയമായി കുട്ടി സുഖം പ്രാപിച്ചിരിക്കുന്നു. പരസ്യക്കൂലി ചുമത്തി മാസിക വി. പി. അയച്ചുതരണം.

പി. വി. എം. ത്രിച്ചൂർ.

## ചരമവാർത്തകൾ.

൧. തോട്ടക്കാട്ടുപള്ളി ഇടവക കിഴക്കേക്കുറ്റിപ്പിൽ യൗസേപ്പവർകളുടെ പുത്രിയും, ചോതിരക്കുന്നേൽ ബ. യൗസേപ്പച്ചന്റെ ജ്യേഷ്ഠപുത്രന്റെ ഭാര്യയും, ബ്ര. ഇഗ്നാസിയോസച്ചന്റെ സഹോദരപത്നിയുമായ മറിയം ഡിസംബർ ൧൬-ാനു ൨൦-ാമത്തെ വയസ്സിലും, ൨. കൈപ്പുഴ വിസിറ്റേഷൻ സന്യാസാശ്രമത്തിലെ ഒരംഗമായ ബ. സ. ബനീഞ്ഞ ൧൬-ാനു വ്യാഴാഴ്ച കാലത്തും, ൩. തമ്പലക്കാട്ടുപള്ളി ഇടവക കുന്നംപുറത്തായ വെട്ടത്തു തോമ്മാ യൗസേപ്പു ൨൦-ാനു വെള്ളിയാഴ്ച ൨൭-ാമത്തെ വയസ്സിലും ൪. തുരുത്തി പള്ളിയിടവക ക. നി. മൂ. സ. ബ. കെറുബീനച്ചനവർകളുടെ ജ്യേഷ്ഠസഹോദരൻ എരുമച്ചാടത്തു ചെറിയാൻ ൨൪-ാനു വെള്ളിയാഴ്ച ൭൭-ാമത്തെ വയസ്സിലും, ൫. ചെമ്പിൽ പള്ളിയിടവക നി. വ. ദിവശ്രീ കണ്ടത്തിൽ മാർ ആഗ്ഗുസ്തീനോസ് മെത്രാനച്ചൻ തിരുമനസ്സിലെ സഹോദരനും, വൈക്കം മുൻസിപ്പു കോടതിയിലെ ഒരു പ്രസിദ്ധ വക്കീലുമായ കണ്ടത്തിൽ മീസററർ ജോൺ അവർകൾ ൨൨-നു ബുധനാഴ്ചയും ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ഇവരുടെ ആത്മാനുകൂലാർത്ഥം കുസുമവായനക്കാർ പ്രാർത്ഥിക്കണം.

---

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം . ൯   [illegible] ൧൦൯൬   എല്പകത്തി . ൨൭

## ൧൯൨൧ ജനുവരി ൧൦൯൬ ധനു മകരം.

1 18 ശ ✠ ന. ക. ഛേദനാചാരം. ന. കു. വെ. വെ.

ചേപ്പുങ്കൽ, രാമപുരം, കോസനല്ലൂർ, വടയാർ, അമ്പഴക്കാട്ടു

| | | | | |
|---|---|---|---|---|
| | | | കൊവേന്ത, കർമ്മലകൊവേന്ത, പുന്നത്തുറ, കോതമംഗലം, എടമററം ഈ പള്ളികളിൽ പ്രധാന തിരുനാൾ. | |
| 2 | 19 | ഞാ | ✠ എസ്സപ്പാനോസ്. എട്ടാ. ന. ആ. കു. വെ. [illegible] | ചു. |
| 3 | 20 | തി | യോഹന്നാൻ എട്ടാ. ന. ആ. കു. വെ. | വെ. |
| | | | ചെമ്പിൽ വിശുദ്ധ സെബസ്ത്യാനോസ് തിരുനാൾ. | |
| 4 | 21 | ചൊ | കുഞ്ഞിപ്പൈതങ്ങൾ. എട്ടാ. ന. ആ. കു വെ. | ചു. |
| 5 | 22 | ബു | ദനഹാ തലെ. ന. ആ. കു. തലെ. | വെ. |
| 6 | 23 | വ്യാ | ✠ ദനഹാ. ന. കു. വെ. | വെ. |
| | | | പാലാ, മുട്ടുചിറ, പുളിങ്കുന്നു, എഴുപുന്ന, മണിമല, മൂവാററുപുഴ, കുമരകം നവനസ്രസ്, പാററമ്പുഴ ഈ പള്ളികളിൽ പ്രധാന (രാക്കുളി) തിരുനാൾ. | |
| 7 | 24 | വെ | ദനഹാ. എം. ന. ആ. കു. വെ. | വെ. |
| 8 | 25 | ശ | ദനഹാ. എം. ന. ആ. കു. വെ. | വെ. |
| 9 | 26 | ഞാ | ✠ ദനഹാ. ൧-ാം ഇട ഞാ. ന. കു. ആ. [illegible] | വെ. |
| 10 | 27 | തി | ദനഹാ. എം. ന. ആ. കു. വെ. | വെ. |
| 11 | 28 | ചൊ | ദനഹാ. എം. ന. ആ. കു. വെ. | വെ. |
| 12 | 29 | ബു | ദനഹാ. എം. ന. ആ. കു. വെ. | വെ. |
| 13 | 30 | വ്യാ | ദനഹാ. എട്ടാ. ന. ആ. കു. എട്ടാ. | വെ. |
| 14 | 1 | വെ | അ. മെ. ഹില്ലാര്യോൻ ന. ആ. കു. വെ. | വെ. |
| 15 | 2 | ശ | വനവാസി. പൌലോസു. ന. ആ. കു. വെ. | വെ. |
| 16 | 3 | ഞാ | ✠ ദനഹാ ൨-ാം ഞാ. (ന. ക. തിരുനാ. ✻ [illegible]) [illegible] | വെ. |
| | | | കടനാട്ട് വി. സെബസ്ത്യാനോസ് പ്രധാന തിരുനാൾ. | |
| 17 | 4 | തി | † മൂന്നുനോമ്പു. ന. കു. ആ. ([illegible]) (ഇ. വി.) | റോ. |
| 18 | 5 | ചൊ | † മൂന്നു നോമ്പു. ന. കു. ആ. ([illegible]) (ഇ. വി.) | റോ. |
| | | | കുറവിലങ്ങാട്ടുപള്ളിയിൽ പ്രധാന തിരുനാൾ. | |
| 19 | 6 | ബു | † മൂന്നു നോമ്പു. ന. കു. ആ. ([illegible]) (ഇ. വി.) | റോ. |
| | | | കട്ടുത്തുരുത്തി വലിയപള്ളിയിൽ പ്രധാന തിരുനാൾ. മുട്ടത്തുപള്ളിയിൽ കന്യകമറിയത്തിന്റെ ദർശനത്തിരുനാൾ. | |
| 20 | 7 | വ്യാ | വേ. ഫവിയാനോസും സെബസ്ത്യാനോസും. ന. ആ. കു. വെ. | ചു. |
| | | | അത്തുങ്കൽ, കള്ളിക്കാട്ടു (അഴീക്കൽ), ചിറക്കടവു, കുറവിലങ്ങാട്ടു ഈ പള്ളികളിൽ വി. സെബ. പ്രധാന തിരുനാൾ. | |
| 21 | 8 | വെ | വേദ. ക. അഗ്നസ്. ന. ആ. കു. വെ. | ചു. |
| 22 | 9 | ശ | വേദ. വിനസന്തിയോസും കൂട്ടരും. ന. ആ. കു. വെ. | ചു. |
| 23 | 10 | ഞാ | ✠ [illegible] († തിരുക്കുടുംബ. ✻ [illegible] വെ.) [illegible] | റോ. |
| | | | ചങ്ങനാശേരി വി. സെബ. പ്രധാന തിരുനാൾ. | |
| 24 | 11 | തി | വേദ. തിമോത്തെയോസ്. ന. ആ. കു. വെ. | ചു. |
| 25 | 12 | ചൊ | വി. പൌ. ശ്ലീഹാ. മനസ്സുതിരി († ന. ക. പ്രാർത്ഥന. ✻ [illegible] ചു.) | വെ. |
| | | | അതിരമ്പുഴ, വേലൂർ ഈ പള്ളികളിൽ വി. സെബ. തിരുനാൾ. | |
| 26 | 13 | ബു | അ. വേദ. പൊലിക്കാർപ്പു. ന. ആ. കു. വെ. | ചു. |
| 27 | 14 | വ്യാ | അ. മ. യോഹന്നാൻ ക്രിസോസ്തോമോസ്. ന. ആ. കു. വെ. | വെ. |
| 28 | 15 | വെ | വേദ. മരിയോസും കൂട്ടരും. ന. ആ. കു. വെ. (ഈ. ൧ൻ.) | ചു. |
| 29 | 16 | ശ | † അ. മെ. ഫ്രാൻസിസ്കോസ് സാലെസ്. ന. ആ. കു. വെ. | വെ. |
| 30 | 17 | ഞാ | ✠ [illegible] ന. കു. ആ. [illegible] | റോ. |
| 31 | 18 | തി | † മെ. പത്രോസ് നൊളാസ്കോ. ന. ആ. കു. വെ. | വെ. |

Printed and Published for the Proprietor by P. K. Joseph, at
St. Joseph's Press, Mannanam, 1921.

വ്യാജനിർമ്മിതങ്ങൾ ഉള്ളതുകൊണ്ടു പ്രത്യേകമുദ്രയാക്കി

“എബ്രഹാം വൈദ്യന്റെ”

എന്ന പേർ ഉള്ളത് വാങ്ങണം.

# ഗർഭരക്ഷാഗുളിക.

## സ്ത്രീലോകത്താൽ ആദരിക്കപ്പെട്ട ഒരു സിദ്ധൌഷധം.

### ഇരുപതാം നൂററാണ്ടിലെ വലിയൊരു അനുഗ്രഹം.

ഗർഭിണികളുടെ നാനാവിധ അസ്വാസ്ഥ്യങ്ങൾക്കും ശീഘ്രവും സുഖകരവുമായ പ്രസവത്തിനും ശിശുവിന്റെ ആരോഗ്യരക്ഷയ്ക്കും ഒരനുഗ്രഹമെന്നു പാശ്ചാത്യ ഡാക്ടറന്മാരാലും പൌരസ്ത്യ വൈദ്യശിരോമണികളാലും മററു മഹാന്മാരാലും, അനുഭവത്താൽ സമ്മതിക്കപ്പെട്ട എബ്രഹാം വൈദ്യന്റെ ഈ ഗുളികകൾ ഉള്ളപ്പോൾ മഹിളകൾ എന്തിനു ദുഃഖിക്കുന്നു?

മററു പേരുകളിലുള്ള അനുകരണഗുളികകളാൽ വഞ്ചിക്കപ്പെടാതെ സർവ്വത്ര അർത്ഥത്തെയും കീർത്തിമത്തുമായ എബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളികകൾ വാങ്ങി പ്രസവത്തെ ലാഘവപ്പെടുത്തുന്ന പ്രശസ്തഗുണമനുഭവിപ്പിൻ!!

ഗുളികയുടെ സീമാതീതമായ ഫലത്തെപ്പററി അനുഭവത്താൽ പ്രശംസിച്ച സംസ്ഥാനത്തിലെ ഏററവും പ്രധാനപ്പെട്ട ചില ഭിഷക്കുകളുടെയും മഹാന്മാരുടെയും പേരുകൾ പുതിയതായി ഗുളിക വാങ്ങുന്നവരുടെ തൃപ്തിക്കായി താഴെ ചേർത്തുകൊള്ളുന്നു.

മിസ്സസ് ലൂക്കോസ്, (ഡാക്ടർ മേരി പുന്നൻ ലൂക്കോസ് ബി. ഏ; എം. ബി. ബി. എസ്സ്. ലണ്ടൻ. എൽ. എം. റൊട്ടുണ്ടാ, ലേഡി സർജ്ജൻ തിരുവിതാംകൂർ.) ഡാക്ടർ എസ്. വെങ്കിടസ്വാമിനായിഡു, സർജ്ജൻ, ബ്രഹ്മശ്രീ വയസ്കര ആര്യൻ നാരായണൻ മൂസ്; ഡാക്ടർ എസ്. രാമസ്വാമി അയ്യർ ബി. എ. എം. ബി. സി. എം,. ഡാക്ടർ കെ. സി. കുര്യൻ ബി. എ. എം. ബി. സി. എം., സി. അന്തപ്പായി അവർകൾ ബി എ,. കെ. സി. മാമ്മൻമാപ്പിള അവർകൾ ബി. ഏ മനോരമപത്രാധിപർ. ഒരു മാസത്തേക്കു ഗുളിക ക ൧ൻ. ൩ മാസത്തേക്കു ക. ൪.

“മിസ്ററർ എബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളികയുടെ അത്ഭുതകരമായ ഫലപ്രാപ്തിയിൽ അഭിനന്ദിച്ചുകൊണ്ടു ഡാക്ടറന്മാർ, ആര്യവൈദ്യന്മാർ, വൈദികന്മാർ, മിസ്യനാറിമാർ, ലേഡി ഡാക്ടറന്മാർ ആദിയായി അനുഭവസ്ഥന്മാരായ അനവധി മാന്യന്മാരുടേയും മഹതികളുടേയും ഒട്ടുവളരെ ഇംഗ്ലീഷ് മലയാള വർത്തമാനപ്പത്രങ്ങളുടേയും പ്രശംസയ്ക്കു പാത്രീഭവിച്ചിരിക്കുന്നു.”

“മലയാള മനോരമ.”

വൈദ്യൻ ഇ. ഡബ്ളിയു. എബ്രഹാം മെഡിക്കൽഹാൾ,
കൊട്ടാരപ്പാലത്തിനുസമീപം, ആലപ്പുഴ.

---

## വാച്ചുകൾ! നല്ല വാച്ചുകൾ!!

തരം മെച്ചം! വില വളരെക്കുറവ്. ൨ൻ രൂപാ മുതൽ ൧൨ രൂപാവരെ വിലയുള്ള പലതരം വാച്ചുകൾ. ‘കുസുമ’വരിക്കാർക്ക് ഓരോ രൂപാ കുറച്ചു അയച്ചുകൊടുക്കും. ഉടനെ അപേക്ഷിക്കുക.

പി. ഏ. എം. കുഞ്ഞ്, ചവറ, തിരുവിതാംകൂർ.

---

## മരിയൻകോൺഗ്രസ് സ്മാരകങ്ങൾ!

കാശുരൂപങ്ങൾ, കടലാസുരൂപങ്ങൾ, പഞ്ചാംഗങ്ങൾ ആദിയായി കോൺഗ്രസ് അവസരത്തിലേക്കും, അതിന്റെ സ്മാരകമായും ഉപയോഗിക്കുന്നതിനു പല വിശേഷ സാമാനങ്ങൾ ഞങ്ങൾ പ്രത്യേകമായി ഉണ്ടാക്കിച്ചു വരുത്തിയിരിക്കുന്നു. അപേക്ഷിപ്പിൻ. താമസിച്ചാൽ ഇച്ഛാഭംഗത്തിനിടയാകും. വലവിവര ലിസ്റ്റ് ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കും.

T. Louis & Co. Catholic Warehouse, Trichinopoly.

Regi: No. M. 365. Registered No. T. 5.

# ഉടനെ എഴുതണം.

"യേശുക്രീസ്തു" എന്ന പുസ്തകം ആവശ്യമുള്ളവർ ഉടനെ എഴുതണം. കടലാസിന്റെ ദൌർല്ലഭ്യവും വിലക്കൂടുതലും കാരണത്താൽ പ്രസ്തുത പുസ്തകത്തിനു ഇനി ഒരു പതിപ്പു അത്രവേഗം ഉണ്ടാകുമെന്നു ആശിക്കാൻ തരമില്ല. ഉണ്ടായാലും വില ഒന്നുകൂടി വർദ്ധിക്കയേ ഉള്ളു. അതിനാൽ, ഈ വിശിഷ്ട ഗ്രന്ഥത്തിന്റെ ഒരു പ്രതി എല്ലാ സമുദായാഭിമാനികളും ഉടനെ സമ്പാദിക്കേണ്ടതാണ്. കടലാസിന്റെ വിലക്കൂടുതലും പ്രസ്തുത പുസ്തകത്തിന്റെ മനോഹരമായ മുദ്രണവും വിഷയസാരവും ഗ്രഹിക്കുന്നവർക്കു അതിന്റെ വില തുച്ഛമായി തോന്നാതിരിക്കയില്ല. ഇവിടെ പ്രതിദിനം കിട്ടിക്കൊണ്ടിരിക്കുന്ന അപേക്ഷകളിൽനിന്നും കത്തുകളിൽനിന്നും ഏതാനും ചിലരുടെ വാക്യങ്ങൾമാത്രം താഴെ ചേർക്കുന്നു.

(൧) വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിൽനിന്നും.

"..... അച്ചനേയും അച്ചന്റെ ഈ നവീനകൃതിയേയും ഞാൻ പൂർണ്ണഹൃദയത്തോടുകൂടി അനുഗ്രഹിക്കുകയും പുസ്തകത്തിനു കേരളമൊട്ടുക്കു പ്രചാരവും പ്രശസ്തിയും ആശംസിക്കയും ചെയ്യുന്നു." † ആൻജെല്ലൂസ് മേറി (ഒപ്പു.)

(൨) കൊല്ലം മെത്രാനച്ചൻ തിരുമനസ്സിൽനിന്നും.

"... യേശുക്രീസ്തു എന്ന പേരിലുള്ള എത്രയും ഉപകാരപ്രദവും ഭംഗിയായി വിരചിതവും ആയ മഹൽകൃതിയുടെ പ്രസിദ്ധീകരണത്തിൽ റവ. ഫാദർ സിറിയക്കസ് മുതൽ അവർകളെ ഞാൻ അഭിനന്ദിക്കുന്നു. അതു പ്രചുരമായി പ്രചരിക്കുമാറാകട്ടെ! ... പുസ്തകത്തിന്റെ ൨൦ പ്രതികൾ വി. പി. യായി എന്റെ പേർക്കു അയയ്ക്കപ്പാറാകണം." † അലോഷ്യസ് മറിയ (ഒപ്പു)

(൩) കൊച്ചി രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സിൽനിന്നും.

"..... സാഹിത്യശ്രേയസ്കരങ്ങളായ നിങ്ങളുടെ പരിശ്രമങ്ങളെപ്പറ്റി ഞാൻ വളരെ അഭിനന്ദിച്ചിട്ടും അഭിനന്ദിക്കുന്നുമുണ്ട്." രാമവർമ്മ (ഒപ്പു.)

(൪) കോട്ടയം മെത്രാനച്ചൻ തിരുമനസ്സിൽ നിന്നും.

"... യേശുക്രിസ്തു എല്ലാ ക്രിസ്ത്യാനികളാൽ മാത്രമല്ല, ക്രൈസ്തവേതരരാലും പ്രശംസിക്കപ്പെട്ടിരിക്കുന്നു! ഇവരെല്ലാം പ്രസ്തുത പുസ്തകപാരായണത്തിൽ ആസ്വാദ്യമുള്ളവരായിരിക്കുമെന്നാണ് എന്റെ വിശ്വാസം. പുസ്തകത്തിനു എത്രയും വിസ്തൃതമായ പ്രചാരമുണ്ടാകുന്നതിനും വായനക്കാരിൽ സൽഫലങ്ങൾ വിളയുന്നതിനും ഇടയാകട്ടെ!" † അലക്സാണ്ഡർ (ഒപ്പു)

(൫) കൊച്ചി തിരുവിതാംകൂർ ആംഗ്ലിക്കൻ ബിഷോപ്പു ഡാക്ടർ ഗിൽ
തിരുമനസ്സിലെ പേർക്കു സെക്രട്ടറി.

"..... ക്രിസ്തുമതത്തിന്റെ [illegible]ങ്ങളെ പ്രതിപാദിക്കുന്ന കൃതികൾ മലയാളഭാഷയിൽ [illegible] ഇല്ലാത്ത സ്ഥിതിയിൽ [illegible]ത്കൃഷ്ടമായ ഒരു പുസ്തകം അനേകം പേർക്ക് വലിയൊരു സഹായമായിരിക്കും. പ്രസ്തുത പുസ്തകം ക്രിസ്ത്യാനികളുടെ വിശ്വാസത്തെ സംസ്ഥാപിക്കുന്നതിനും നമ്മുടെ ദിവ്യരക്ഷകന്റെ ദൈവത്വത്തേയും ചരിത്രത്വത്തേയും സുവിശേഷങ്ങളുടെ പ്രാമാണ്യത്തേയും ക്രൈസ്തവേതരന്മാരെ മനപ്പൂർവ്വം വിശ്വസിപ്പിക്കുന്നതിനും പര്യാപ്തമായിട്ടുള്ളതാണ്. ദയവായി തല്ക്കാലം പത്തു പ്രതികൾ അയക്കുക. കുറേകഴിഞ്ഞു കൂടുതൽ ആവശ്യപ്പെട്ടുകൊള്ളാം."

പ്രത്യേക വിജ്ഞാപനം:– ഒററപ്രതിയുടെ വില അണ ൧. ഡസൻതികച്ചെടുക്കുന്നവർക്കു നാലുവതാരംപ്രമാണിച്ചു ൨ പ്രതികൾ കമ്മീഷൻ കൊടുക്കപ്പെടും. ഇന്നുതന്നെ എഴുതുക.

സി. കെ. മററം, മാന്നാനം, തിരുവിതാംകൂർ.

---

## ഒരു പുതിയ പുസ്തകം.

'മ്ശിഹൈക്യസ്വഭാവഗ്രന്ഥവിമർശനം'– വില അണ ൩ മാത്രം.

അപേക്ഷിക്കേണ്ടും വിലാസം. റവ. എൽ. പെറയിരാ, പള്ളിക്കൽ, കായംകുളം വഴി